പന്ത്രണ്ടാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 61 — 10.09.2009 -ൽ മറുപടിക്ക്

നിർമ്മാർജ്ജനം ചെയ്യപ്പെട്ട രോഗങ്ങളുടെ തിരിച്ചുവരവ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വർക്കല കഹാർ: | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ (ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് നിർമ്മാർജ്ജനം ചെയ്യപ്പെട്ട ഏതൊക്കെ രോഗങ്ങൾക്കാണ് ഇപ്പോൾ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതെന്നു വ്യക്തമാക്കാമോ;<br>(ബി) നിർമ്മാർജ്ജനം ചെയ്യപ്പെട്ട ഏതെങ്കിലും രോഗം ഈ വർഷമോ അടുത്തകാലത്തോ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) സംസ്ഥാനത്തു നിന്നും 1964-65-ൽ നിർമ്മാർജ്ജനം ചെയ്യപ്പെട്ടതായി കരുതിയിരുന്ന മലമ്പനി രോഗം ഏതാനും വർഷങ്ങൾക്കുശേഷം രോഗബാധയുള്ള അന്യസംസ്ഥാനങ്ങളിൽ പോയി വന്നവരിലൂടെ വീണ്ടും സംസ്ഥാനത്ത് പകരാൻ തുടങ്ങിയ സാഹചര്യത്തിൽ പ്രസ്തുത രോഗത്തെ പ്രതിരോധിക്കുവാനും നിയന്ത്രിക്കുവാനുമുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. നിർമ്മാർജ്ജനം ചെയ്യപ്പെട്ട മറ്റു രോഗങ്ങളൊന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. |
| (സി) ഇത്തരം രോഗങ്ങൾ തിരിച്ചുവരുന്നത് തടയുന്നതിന് കൈക്കൊണ്ട നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ; | (സി) വസൂരി രോഗം ലോകത്ത് നിന്നും വളരെ വർഷങ്ങൾക്ക് മുമ്പ് തന്നെ നിർമ്മാർജ്ജനം ചെയ്യപ്പെട്ടതാണ്. ഈ രോഗം വരാനുള്ള സാദ്ധ്യത തീരെ ഇല്ലാത്തതിനാൽ പ്രത്യേകമായ ഒരു പ്രതിരോധ നടപടിയും എടുക്കേണ്ട ആവശ്യം ഇല്ല. നിർമ്മാർജ്ജനം ചെയ്തിട്ടുള്ള ഗിനിവേം രോഗം കേരളത്തിൽ പ്രത്യക്ഷപ്പെടാനുള്ള സാദ്ധ്യതയില്ലാത്തതിനാൽ പ്രതിരോധ നടപടിയുടെ ആവശ്യമില്ല. മലമ്പനി രോഗം തടയുന്നതിനായി രോഗികളെ കാലേകൂട്ടി കണ്ടെത്തി ചികിത്സ നൽകുക, ഊർജ്ജിത കൊതുക് |

| | |
|---|---|
| | നശീകരണ പ്രവർത്തനങ്ങൾ നടത്തുക, തുടർബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക എന്നിവയാണ് നടത്തി വരുന്നത്. |
| (ഡി) ഈ നടപടികൾ ഫലപ്രദമെന്നു കരുതുന്നുണ്ടോ; ഇല്ലെങ്കിൽ കൂടുതൽ പ്രതിരോധ നടപടികൾ സ്വീകരിക്കാൻ പദ്ധതി തയ്യാറാക്കുമോ? | (ഡി) മലമ്പനി രോഗം തടയുന്നതിനും പ്രതിരോധിക്കുന്നതിനും സംസ്ഥാന ആരോഗ്യ വകുപ്പ് കൈക്കൊണ്ട നടപടികൾ ഫലപ്രദമാണ്. |

K.S.Sudha

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 62

10.09.2009-ൽ മറുപടിക്ക്

# പുതിയ വ്യവസായ സംരംഭകർ നേരിടുന്ന പ്രശ്നങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജാജി മാത്യു തോമസ് :<br>ശ്രീ. എൻ. അനിരുദ്ധൻ :<br>ശ്രീ. കെ. രാജു :<br>ശ്രീ. കെ. അജിത് :<br>ശ്രീ. എ.കെ. ചന്ദ്രൻ : | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) പുതിയ വ്യവസായ സംരംഭകർ നേരിടുന്ന പ്രശ്നങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതു പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ : | (എ) ഉണ്ട്. വിശദവിവരം അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു. |
| (ബി) ഏതെല്ലാം തരത്തിലുള്ള നിക്ഷേപങ്ങൾക്കാണ് ഏകജാലക സംവിധാനത്തിലൂടെ അംഗീകാരം നൽകുന്നത് ; ടൂറിസം മേഖല, റിയൽ എസ്റ്റേറ്റ് രംഗം എന്നിവയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ടോ ; | (ബി) നിലവിലുള്ള ഏകജാലക സംവിധാന നിയമ പ്രകാരം ഉൽപാദന മേഖലയിലുള്ള പ്രോജക്ടുകൾക്കാണ് അംഗീകാരം നൽകുന്നത്. വിനോദ സഞ്ചാരം ഉൾപ്പെടെയുള്ള സേവന മേഖലയിലെ പ്രോജക്ടുകളേയും ഏകജാലക സംവിധാനത്തിന്റെ പരിധിയിൽപ്പെടുത്താനായി പരിഗണിച്ചുവരുന്നു. |
| (സി) സംസ്ഥാനത്ത് ഇതുവരെയായി എത്ര പ്രത്യേക സാമ്പത്തിക മേഖലയ്ക്ക് അനുമതി നൽകിയിട്ടുണ്ട് ; ഇതിൽ എത്രയെണ്ണം ഇതിനകം പ്രവർത്തിച്ചു തുടങ്ങിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ? | (സി) സംസ്ഥാനത്ത് ആകെ 24 പ്രത്യേക സാമ്പത്തിക മേഖലകൾക്ക് അനുമതി നൽകിയിട്ടുണ്ട്. അവയിൽ 5 എണ്ണം ഇതിനകം പ്രവർത്തിച്ചു തുടങ്ങിയിട്ടുണ്ട്. വിശദവിവരം അനുബന്ധം-2 ആയി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 63 | 10.09.2009—ൽ മറുപടിക്ക്

## ജല സ്രോതസ്സുകളിലെ മാലിന്യം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. പി. അനിൽകുമാർ<br>,, എൻ. ശക്തൻ<br>,, കെ. ബാബു | ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കിണറുകളിലും മറ്റ് ശുദ്ധ ജല സ്രോതസ്സുകളിലും നിന്ന് ലഭിക്കുന്ന വെള്ളം ആരോഗ്യത്തിന് ഹാനികരമാണോയെന്ന് കണ്ടെത്തിയിട്ടുണ്ടോ? | (എ) സംസ്ഥാനത്ത് കിണറുകളിലും മറ്റ് ശുദ്ധ ജല സ്രോതസ്സുകളിലും നിന്ന് ലഭിക്കുന്ന വെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി 'സുജല' എന്ന പേരിലുള്ള ജല സുരക്ഷാ പദ്ധതി നടപ്പിലാക്കി വരുന്നു. കേരള വാട്ടർ അതോറിറ്റി 2003—ൽ നടത്തിയ ആദ്യ ഘട്ട സർവ്വെ പ്രകാരം ഗുണനിലവാര പ്രശ്ന ങ്ങളുണ്ടെന്ന് കണ്ടെത്തിയ വാർഡുകൾ കേന്ദ്രീകരിച്ച് 2007—ൽ രണ്ടാം ഘട്ട സർവ്വെ നടത്തി. അതിൻ പ്രകാരം 1786 വാർഡുകളിൽ ഗുണനിലവാര പ്രശ്നങ്ങൾ ഉണ്ടെന്ന് കണ്ടെത്തി. ഒരു വാർഡിൽ പത്ത് സാമ്പിളുകൾ എന്ന നിലയ്ക്കാണ് പരിശോധന നടത്തിയത്. എന്നാൽ ജൈവമാലിന്യങ്ങൾ കണ്ടെത്താനുള്ള പഠനം നടത്തിയിരുന്നില്ല. |

(ബി) കിണറുകളിലേയും മറ്റ് ജല സ്രോതസ്സുകളിലേയും വെള്ളത്തിൽ അടങ്ങിയിരിക്കുന്ന ആരോഗ്യത്തിന് ഹാനികരമെന്ന് കണ്ടെത്തിയ ഘടകങ്ങൾ എന്തെല്ലാമാണ്;

(ബി) ഇരുമ്പിന്റെ അംശം, ഉപ്പ് രസം, ഫ്ളൂറൈഡ്, നൈട്രേറ്റ് എന്നിവയാണ് കിണറുകളിലേയും ജല സ്രോതസ്സുകളിലേയും വെള്ളത്തിൽ കണ്ടെത്തിയ ആരോഗ്യത്തിന് ഹാനികരമായ ഘടകങ്ങൾ.

(സി) ഇത്തരത്തിൽ ആരോഗ്യത്തിന് ഹാനികരമെന്ന് കണ്ടെത്തിയ ജലം മാത്രം ലഭിക്കുന്ന പ്രദേശങ്ങളിലെ ജലം ശുദ്ധീകരിച്ച് ഉപയോഗയോഗ്യമാക്കുവാൻ എന്തൊക്കെ നടപടികളാണ് ഗവൺമെന്റ് കൈക്കൊണ്ടിട്ടുള്ളത്;

(സി) രാസമാലിന്യങ്ങളുടെ ആധിക്യം ഏറെയുള്ള മേഖലകളിൽ ഭൂഗർഭജലത്തിലാണ് കൂടുതൽ മാലിന്യങ്ങൾ കണ്ടുവരുന്നത്. ഈ ജലം ശുദ്ധീകരിച്ച് വിതരണം ചെയ്യുന്നത് ഏറെ ശ്രമകരവും ചെലവേറിയതുമായതിനാൽ നദികൾ സ്രോതസ്സായുള്ള ശുദ്ധജല വിതരണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഈ പദ്ധതികളിലെല്ലാം തന്നെ ഗുണനിലവാരമുള്ള കുടിവെള്ളം വിതരണം ചെയ്യുന്നതിനായി ശാസ്ത്രീയമായ രീതിയിലുള്ള "എയറേഷൻ, ക്വാഗുലേഷനോടുകൂടിയ സെഡിമെന്റേഷൻ, ഫിൽട്രേഷൻ ഡിസ്—ഇൻഫെക്ഷൻ" എന്നീ ശുദ്ധീകരണ പ്രക്രിയകളടങ്ങിയ ശുദ്ധീകരണശാലകൾ ഉൾപ്പെടുത്തിയിട്ടുണ്ട് ഗുണനിലവാര പ്രശ്നങ്ങൾ കണ്ടെത്തി

| | | | |
|---|---|---|---|
| | | | യിട്ടുള്ള പ്രദേശങ്ങൾക്കുമാത്രമുള്ള കേന്ദ്ര ഗവൺമെൻറ് ധനസഹായ ത്തോടെയുള്ള "ടെക്നോളജി മിഷൻ" പദ്ധതി പ്രകാരം പതിനഞ്ചു പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്. ഇതിൽ രണ്ടു പദ്ധതികൾ പൂർത്തിയായികഴിഞ്ഞു. ബാക്കി 13— പദ്ധതികളുടെ പണികൾ പുരോഗമിച്ചുവരുന്നു. കൂടാതെ കേന്ദ്ര—സംസ്ഥാന സർക്കാരുകളുടെയും മറ്റ് ഏജൻസികളുടെയും സഹായ ത്തോടെയുള്ള കുടിവെള്ള പദ്ധതികളും ഇത്തരം പ്രദേശങ്ങളിൽ നടപ്പിലാക്കി വരുന്നുണ്ട്. |
| (ഡി) | ഇത്തരം സ്ഥലങ്ങൾ ഏതെല്ലാം എന്ന് സർവ്വേ നടത്തി ആവശ്യമായ സ്ഥലങ്ങളിലെ വെള്ളം ശുദ്ധീകരിക്കുവാനോ അല്ലെങ്കിൽ അത്തരം സ്ഥലങ്ങളിൽ ശുദ്ധജലമെത്തിക്കാനോ നടപടി കൈക്കൊള്ളുമോ? | (ഡി) | 2007—ൽ നടത്തിയ സർവ്വെ പ്രകാരം ഇത്തരം 1786 സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഈ സ്ഥലങ്ങളിലേയ്ക്ക് ശുദ്ധജലമെത്തിക്കുന്നതിനായി വിവിധതരം പദ്ധതികൾ നടപ്പിലാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 64

10.9.2009-ൽ മറുപടിക്ക്

## പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.സി.മൊയ്തീൻ<br>ശ്രീ.എം.ചന്ദ്രൻ<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ.സി.എച്ച്.കുഞ്ഞമ്പു<br>ശ്രീ.ബി.രാഘവൻ | ശ്രീ.എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാം; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനായും ലാഭകരമായി പ്രവർത്തിക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു. |

- സ്ഥാപനങ്ങളുടെ നവീകരണത്തിന്റെയും, ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണത്തിന്റെയും ഭാഗമായി പ്രവർത്തന മാന്ദ്യം നേരിട്ടിരുന്ന ചുവടെ കൊടുത്തിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ അവയുടെ സുസ്ഥിരമായ ഭാവി ഉറപ്പിൽ വരുത്തുന്നതിലേയ്ക്കായും അവരുടെ തന്നെ പ്രവർത്തന മേഖലയിൽ കഴിവു തെളിയിച്ച കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി സംയുക്ത സംരംഭത്തിലേർപ്പെടുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്

➢ Transformers & Electricals Kerala Ltd (TELK)-ന് NTPC യുമായി സംയുക്ത സംരംഭത്തിൽ ഏർപ്പെടുന്നതിനുള്ള കരാറിൽ ഏർപ്പെ ടുകയും (23-06-2007) NTPC-TELK സംയുക്ത സംരഭത്തിന്റെ പ്രവർത്തനോൽഘാടനം 2009 ജൂൺ 23-ാം തീയതി ആരംഭിക്കുകയും ചെയ്തു.

- Kerala Hi-Tech Industries Ltd-നെ പ്രതിരോധവകുപ്പിന്റെ അധീനതയിലുള്ള ബ്രഹ്മോസ് എന്ന സ്ഥാപനത്തിന് 31st December 2007-ൽ കൈമാറി..

- Steel Industrials Kerala Ltdന്റെ അനുബന്ധസ്ഥാപനമായ Autokast Ltd ഉം, ചേർത്തലയിലുള്ള Steel Fabrication Unit ന്റെയും സൗകര്യങ്ങൾ ഉപയോഗിച്ചുകൊണ്ട് ഇൻഡ്യൻ റയിൽവേയുമായി സഹകരിച്ചു സംയുക്ത മേഖലയിൽ പാസഞ്ചർ കോച്ചിനു വേണ്ടി ഒരു ഫാബ്രിക്കേറ്റഡ് ബോഗി കംപോണന്റ് നിർമ്മാണ യൂണിറ്റ് സ്ഥാപിക്കാനുള്ള നടപടി ക്രമങ്ങൾ നടന്നുവരുന്നു. ഇതിനുവേണ്ടി രൂപീകരിക്കുന്ന Kerala Rail Components Ltd എന്ന കമ്പനിയ്ക്കുവേണ്ടിയുള്ള ജോയിന്റ് വെഞ്ചർ കരാർ കേരളസർക്കാരും, കേന്ദ്ര റയിൽവേ മന്ത്രാലായവുമായി 27th Feb 09 തീയതി ഒപ്പുവെച്ചു.

- Steel Complex Ltd-ന് Steel Authority of India Ltd യുമായി സംയുക്ത സംരംഭത്തിൽ ഏർപ്പെടുന്നതിനുള്ള കരാറിൽ ഏർപ്പെട്ട് നടപടികൾ സ്വീകരിച്ചുവരുന്നു.

- KEL, Kasargode -ന് Bharat Heavy Electricals Ltd (BHEL)-യുമായി സംയുക്ത സംരംഭത്തിൽ ഏർപ്പെടുന്നതിനുള്ള കരാറിൽ ഏർപ്പെട്ട് (3rd February 2009) നടപടികൾ സ്വീകരിച്ചുവരുന്നു

- KELTRON -ന് Bharat Electronics Ltd (BEL)-മായി സംയുക്ത സംരംഭത്തിൽ ഏർപ്പെടുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

• SIFL, KELTRON units, KEL, Autokast. KAL എന്നീ സ്ഥാപനങ്ങൾക്ക് VSSC, പ്രതിരോധ വകുപ്പ് മുതലായ കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിൽനിന്നും ഓർഡറുകൾ ലഭ്യമാക്കുവാൻ സാധിച്ചു.

- പൂട്ടിക്കിടക്കുന്നവയിൽ പുനരുദ്ധാരണത്തിന് സാധ്യമായവ തെരഞ്ഞെടുത്ത് പുനരുദ്ധരിക്കുന്നതിന് നടപടികൾ സ്വീകരിച്ചു. വിശദ. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

➢ KSTCയുടെ അധീനതയിലുള്ള Malabar Spinning & Weaving Mills തുറന്നു പ്രവർത്തിച്ചു.

➢ Trivandrum Spinning Mills Ltd-ലെ സൗകര്യങ്ങൾ ഉപയോഗിച്ച് open end spinning Mill ആരംഭിക്കുവാൻ KSTC-യെ ചുമതലപ്പെടുത്തി.. ഇതിന്റെ പുനഃപ്രവർത്തനം 31.8.09 മുതൽ ആരംഭിച്ചു.

➢ Kerala Soaps & Oils Ltd യിലെ സൗകര്യങ്ങൾ ഉപയോഗിച്ച് ഒരു സോപ്പ് നിർമ്മാണ യൂണിറ്റുണ്ടാക്കുന്നതിനുള്ള KSIE-യുടെ പ്രൊപ്പോസൽ G.O.(MS).No.186/2008/ID dated 05-12-2008 പ്രകാരം സർക്കാർ അംഗീകരിക്കുകയും, നിർമാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു.

➢ Kerala State Detergents & Chemicals Ltd ന്റെ ഉൽപ്പാദന സൗകര്യങ്ങൾ വ്യാവസായിക വികസനത്തിനായി ഉപയോഗിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നു.

➢ കേരള സംസ്ഥാന സാലിസിലേറ്റ്സ് ആൻറ് കെമിക്കൽസിന്റെ 25 ഏക്കർ ഭൂമിയിൽ Kerala SIDCO കേന്ദ്ര

പൊതുമേഖലാ സ്ഥാപനമായ ITI Ltd യുമായി ചേർന്ന് ടെലികോം സിറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

- കൂടാതെ പ്രവർത്തനം നിലച്ചിരുന്ന Keltron Power Devices Ltd ഉം Keltron Rectifiers Ltd ഉം അവയുടെ എല്ലാ ആസ്തികളും ബാദ്ധ്യതകളും ഉൾപ്പെടെ വികസനപ്രവർത്തനങ്ങൾക്കായി ഹോൾഡിംഗ് കമ്പനിയായ KSEDC ഏറ്റെടുക്കുന്നതിന് G.O.(Ms) No.165/08/ID dated 22/10/2008 പ്രകാരം സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്

- Metropolitan Engineering Company Ltd-ന്റെ 1.26 ഏക്കർ ഭൂമി Kerala State Industrial Enterprises Ltd ന് കൈമാറാനും അവിടെ ഒരു Hyper Super Market cum Office Complex സ്ഥാപിക്കാനുമുള്ള ഒരു പദ്ധതി നടപ്പിലാക്കിവരുന്നു.

- Keltron Counters Ltd-ന്റെ ആസ്തികളും ബാധ്യതകളും ഏറ്റെടുത്ത് പ്രവർത്തിപ്പിക്കുന്നതിനായി ഹോൾഡിംഗ് കമ്പനിയായ Kerala State Electronics Dev.Corporation Ltd (KSEDC) നെ ചുമതലപ്പെടുത്തി. ബാക്കിയുള്ള 34 ജീവനക്കാരെ കെൽട്രോണിന്റെ യൂണിറ്റുകളിൽ നിയമിച്ചിട്ടുണ്ട്. Keltron Counters Ltdന്റെ സ്ഥലവും സൗകര്യങ്ങളും Gulati Institute of Finance & Taxation (GIFT) എന്ന

സർക്കാർ സ്ഥാപനത്തിന് കൈമാറുന്നതിനുള്ള നടപടിക്രമങ്ങളും നടന്നുവരുന്നു.

- വ്യവസായവകുപ്പിൻെറ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ മാനേജ്മെൻറ് സംവിധാനം ശക്തിപ്പെടുത്തുന്നതിൻെറ ഭാഗമായി സമർത്ഥരായ ചീഫ് എക്സിക്യൂട്ടീവ്മാരെ സുതാര്യമായ നടപടിക്രമങ്ങളിലൂടെ തെരഞ്ഞെടുത്തിട്ടുണ്ട്. കൂടാതെ സമർത്ഥരായവരെ ലഭിക്കുന്നതിനായി പൊതുമേഖലാസ്ഥാപനങ്ങളുടെ മേധാവികളുടെ ശമ്പളം കാറ്റഗറി അനുസരിച്ച് വർദ്ധിപ്പിക്കുവാനുള്ള ഉത്തരവും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

- വ്യവസായവകുപ്പിൻെറ കീഴിലുള്ള പൊതുമേഖലാസ്ഥാപനങ്ങളുടെ മാസംതോറുമുള്ള പ്രവർത്തന അവലോകന സംവിധാനം റിയാബ് മുഖേന ശക്തിപ്പെടുത്തി. ഓരോ മാസവും നടത്തുന്ന പ്രവർത്തന അവലോകനത്തിൽ കഴിഞ്ഞമാസം കൈവരിച്ച ഉൽപാദനക്ഷമതയും പരിശോധിച്ച് കുറവുണ്ടെങ്കിൽ പരിഹാരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു.

ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ (2005-06 സാമ്പത്തിക വർഷം) പ്രവർത്തന അവലോകനത്തിനായി തെരഞ്ഞെടുത്ത കമ്മേഴ്സ്യൽ സ്വഭാവമുള്ള 42 പൊതുമേഖലാസ്ഥാപനങ്ങളിൽ 31 പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിലും 11 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലുമാണ് പ്രവർത്തിച്ചിരുന്നത്. 2006–07 കാലയളവിൽ 23 പൊതുമേഖലാസ്ഥാപനങ്ങൾ ലാഭത്തിലും 19 സ്ഥാപനങ്ങൾ നഷ്ടത്തിലും പ്രവർത്തിച്ചു. 2007–08 കാലയളവിൽ ലാഭത്തിൽ പ്രവർത്തിച്ചവ 27 ഉം നഷ്ടത്തിൽ പ്രവർത്തിച്ചവ 15 ഉം ആയിരുന്നു. 2008–09 കാലയളവിൽ ലാഭത്തിൽ പ്രവർത്തിച്ചവ 28 ഉം നഷ്ടത്തിൽ പ്രവർത്തിച്ചവ 13 ഉം ആയിരുന്നു.

- വ്യവസായവകുപ്പിൻെറ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിൻെറ ഭാഗമായി ജീവനക്കാരുടെ കാര്യക്ഷമത കൂട്ടുന്നതിനായുള്ള പരിശീലന പരിപാടികൾ RIAB മുഖേനയും, കമ്പനിതലത്തിലും നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

- ഓരോ വർഷത്തേയും പ്രവർത്തനം സംബന്ധിച്ച് ബജറ്റും പദ്ധതിയും നേരത്തെ തയ്യാറാക്കുന്നു. അത് കൈവരിക്കുന്നതിൻെറ പുരോഗതി മാസാമാസം അവലോകനം നടത്തുകയും ചെയ്യുന്നു.

- ഉൽപ്പാദനക്ഷമതയും, ഉൽപ്പന്നങ്ങളുടെ ഗുണമേന്മയും വർദ്ധിപ്പിക്കുന്നതിന് തൊഴിലാളി സംഘടനകളുമായി കരാറുണ്ടാക്കുവാൻ മാനേജ്മെൻറ് തലത്തിൽ നടപടികൾ സ്വീകരിച്ചു.

- കമ്പനികളിലെ ഇൻേറണൽ ഓഡിറ്റ് സംവിധാനം ശക്തിപ്പെടുത്തുന്നതിനു വേണ്ടി സർക്കാർ RIAB മുഖേന ചാർട്ടേർഡ് അക്കൗണ്ടൻറ്സിൻെറ ഒരു പാനൽ തയ്യാറാക്കി അംഗീകരിക്കുകയും സ്ഥാപനങ്ങളോട് ഈ പാനലിൽ നിന്നു മാത്രമേ ഇൻേറണൽ ഓഡിറ്റേഴ്സിനെ നിയമിക്കാവൂയെന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്.

2009-10 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനായി 50 കോടി രൂപ അനുവദിച്ചിട്ടുണ്ട് [for the Rejuvenation and Revival of viable PSUs]. കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണത്തിനും, വിപുലീകരണത്തിനും, KIRFB Bonds-ൻെറ തിരിച്ചടവിനായും KFC-ൽ നിന്നും soft loan അനുവദിക്കുന്നതിനും സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്.

| | |
|---|---|
| (ബി) ഏതെല്ലാം സ്ഥാപനങ്ങളിൽ വിപുലീകരണ-നവീകരണ പ്രവർത്തനങ്ങൾ നടപ്പാക്കി എന്ന് വെളിപ്പെടുത്തുമോ; | (ബി) കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈത്സ് കോർപ്പറേഷൻ ലിമിറ്റഡ്, കേരളാ സ്റ്റേറ്റ് മിനറൽസ് ആൻറ് മെറ്റൽസ് ലിമിറ്റഡ്, കെൽട്രോൺ, സ്റ്റീൽ കോംപ്ലക്സ് ലിമിറ്റഡ്, കണ്ണൂർ കോപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, മലപ്പുറം കോപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളിൽ വിവിധ വിപുലീകരണ-നവീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. കൂടാതെ Steel Industrials Kerala Ltd(SILK)ൻെറ അനുബന്ധസ്ഥാപനമായ Autokast Ltd ഉം, ചേർത്തലയിലുള്ള SILK ൻെറ തന്നെ യൂണിറ്റായ Steel Fabrication Unit ൻെറയും സൗകര്യങ്ങൾ ഉപയോഗിച്ചുകൊണ്ട് ഇൻഡ്യൻ റയിൽവേയുമായി സഹകരിച്ചു സംയുക്ത മേഖലയിൽ പാസഞ്ചർ കോച്ചിനു വേണ്ടി ഒരു ഫാബ്രിക്കേറ്റഡ് ബോഗി കംപോണൻറ് നിർമ്മാണ യൂണിറ്റ് സ്ഥാപിക്കാനുള്ള നടപടി ക്രമങ്ങൾ നടന്നുവരുന്നു |
| (സി) നല്ല നിലയിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സ്വയംഭരണാവകാശം നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (സി) സംസ്ഥാനത്തെ വ്യവസായവകുപ്പിൻെറ അധീനതയിലുള്ള ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാസ്ഥാപനങ്ങൾക്ക് സ്വയംഭരണാവകാശം നൽകുന്നതിൻെറ ഭാഗമായുള്ള വിഷയങ്ങൾ പരിശോധിക്കുന്നതിനായി ഒരു കമ്മിറ്റി G.O (Rt) No.880/2009/ID dt.09/07/2009 പ്രകാരം സർക്കാർ രൂപീകരിച്ചിട്ടുണ്ട്.<br>സംസ്ഥാനത്തെ വ്യവസായവകുപ്പിൻെറ അധീനതയിലുള്ള പൊതുമേഖലാസ്ഥാപനങ്ങളുടെ 2008-09 സാമ്പത്തിക വർഷത്തെ കണക്കുകൾ പ്രകാരം 28 സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിക്കുന്നത്. ഇവയിൽ ഏതൊക്കെ സ്ഥാപനങ്ങൾക്ക് സ്വയംഭരണാവകാശം നൽകണമെന്നതിനെക്കുറിച്ച് ഇതിനായി രൂപീകരിച്ച കമ്മറ്റിയുടെ റിപ്പോർട്ട് ലഭിച്ചാൽ മാത്രമെ തീരുമാനമെടുക്കുവാൻ കഴിയുകയുള്ളു. |
| (ഡി) പൊതുമേഖലാ സ്ഥാപനങ്ങളിലെ അഴിമതി തടയുന്നതിനും, വില്പന, [illegible] | (ഡി) വ്യവസായ വകുപ്പിൻെറ കീഴിലുള്ള പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ അഴിമതിയും ധൂർത്തും |

അസംസ്കൃത വസ്തുക്കൾ വാങ്ങൽ എന്നിവ സുതാര്യമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഒഴിവാക്കി ലാഭകരമായി പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം വ്യവസായവകുപ്പ് മന്ത്രി നേരിട്ട് മാസംതോറും നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനുമുള്ളമായുള്ള സംവിധാനം RIAB മുഖേന ശക്തിപ്പെടുത്തിയിട്ടുണ്ട്.

പൊതുമേഖലാസ്ഥാപനങ്ങൾക്ക് ഗവൺമെൻറിൽ നിന്നും നൽകുന്ന ധനസഹായം ശരിയായ രീതിയിൽ വിനിയോഗിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കാനുള്ള സംവിധാനം റിയാബിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയിട്ടുണ്ട്.

കമ്പനികളുടെ ആഡിറ്റുകൾ പൂർത്തിയാക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനും, കമ്പനികളുടെ ഭരണ നിർവ്വഹണം കാര്യക്ഷമമാക്കുന്നതിനും, ഡയറക്ടർ ബോർഡുകളിൽ അതാത് മേഖലകളിലെ വിദഗ്ദ്ധന്മാരെ ഉൾപ്പെടുത്തി ശക്തിപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കമ്പനികളുടെ ചീഫ് എക്സിക്യൂട്ടീവുകളായി അതാത് മേഖലകളിൽ വൈദഗ്ദ്ധ്യം ഉള്ളവരെ തെരഞ്ഞെടുത്ത് വിവിധ കമ്പനികളുടെ ചീഫ് എക്സിക്യൂട്ടീവുകളായി നിയമിച്ചിട്ടുണ്ട്.

കമ്പനികളിലെ ഇന്റേണൽ ഓഡിറ്റ് സംവിധാനം ശക്തിപ്പെടുത്തുന്നതിനു വേണ്ടി സർക്കാർ RIAB മുഖേന ചാർട്ടേർഡ് അക്കൗണ്ടന്റ്സിന്റെ ഒരു പാനൽ തയ്യാറാക്കി അംഗീകരിക്കുകയും സ്ഥാപനങ്ങളോട് ഈ പാനലിൽ നിന്നു മാത്രമേ ഇന്റേണൽ ഓഡിറ്റേഴ്സിനെ നിയമിക്കാവൂ എന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്.

സ്ഥാപനങ്ങളിലെ വിൽപന, അസംസ്കൃത വസ്തുക്കളുടെ വാങ്ങൽ എന്നിവയ്ക്കായി സുതാര്യമായ നടപടിക്രമങ്ങൾ നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ

നൽകിയിട്ടുണ്ട്. ടെക്സ്റ്റൈൽ മില്ലുകൾക്ക് ആവശ്യമായ പരുത്തി ലഭ്യമാക്കുന്നതിനു വേണ്ടി ഒരു centralized cotton purchase committee രൂപീകരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

ഇക്കാരണത്താൽ മേൽപ്പറഞ്ഞ നിരീക്ഷണ സംവിധാനങ്ങളോടൊപ്പം തന്നെ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ എന്തെങ്കിലും പരാതി ലഭിക്കുന്ന പക്ഷം ആഡിറ്റിന് വിധേയമാക്കുകയും അതിന്റെയടിസ്ഥാനത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 65 10-9-2009 ൽ മറുപടിക്ക്

## നാഷണൽ ഡിസീസ് സർവൈലൻസ് പരിപാടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :<br>ശ്രീ. പി. തിലോത്തമൻ :<br>ശ്രീ. പള്ളിപ്രം ബാലൻ :<br>ശ്രീമതി. ഇ. എസ്. ബിജി മോൾ : | ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| എ) പൊതുജനാരോഗ്യ വകുപ്പിന്റെ കീഴിൽ നാഷണൽ ഡിസീസ് സർവൈലൻസ് എന്ന പരിപാടി നടപ്പിലാക്കി വരുന്നുണ്ടോ ; ഉണ്ടെങ്കിൽ എന്നു മുതലാണ് ഈ പരിപാടി സംസ്ഥാനത്ത് ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ ; | എ) പൊതുജനാരോഗ്യ വകുപ്പിന്റെ കീഴിൽ നാഷണൽ ഡിസീസ് സർവൈലൻസ് എന്ന കേന്ദ്രാവിഷ്കൃത പദ്ധതി 1995-97 കാലഘട്ടത്തിൽ സംസ്ഥാനത്ത് നടപ്പിലാക്കി വന്നു. 1997-98 സാമ്പത്തിക വർഷം മുതൽ എൻ.എസ്.പി.സി.ഡി (നാഷണൽ സർവൈലൻസ് പ്രോഗ്രാം ഫോർ കമ്മ്യൂണിക്കബിൾ ഡിസീസ് ) എന്ന പേരിൽ തുടർന്നു പോന്നു. 2004-05 മുതൽ എൻ.എസ്.പി.സി.ഡി, ഐ.ഡി.എസ്.പി.യിലേക്ക് (ഇന്റഗ്രേറ്റഡ് ഡിസീസ് സർവൈലൻസ് പ്രോഗ്രാം) ലയിപ്പിക്കുകയും തുടർന്ന് പ്രവർത്തിക്കുകയും ചെയ്തു വരുന്നു. |
| ബി) ഈ പരിപാടിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വിശദമാക്കുമോ ; | ബി) രാജ്യത്താകമാനം സംസ്ഥാനതലത്തിൽ നടപ്പാക്കുന്ന ഒരു വികേന്ദ്രീകൃത പരിപാടിയാണ് സംയോജിത രോഗ പര്യവേഷണ പദ്ധതി (ഐ.ഡി.എസ്.പി.). രോഗം പൊട്ടിപുറപ്പെടുന്നതിന് മുന്നോടിയായുള്ള സൂചനകൾ നേരത്തെ കണ്ടെത്തി യഥാസമയം ഫലപ്രദമായ പ്രതിരോധ നടപടികൾ സ്വീകരിക്കുകയാണ് ഇതിന്റെ ഉദ്ദേശ്യം എന്നതു മാത്രമല്ല, നിലവിലുള്ള രോഗനിയന്ത്രണ പരിപാടികൾ വിലയിരുത്തുന്നതിനാവശ്യമായ വിവരങ്ങൾ നൽകുന്നതിനും, വിഭവങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നതിനും ഇത് സഹായിക്കുന്നുണ്ട്.<br><br>**രോഗ പര്യവേഷണ വ്യവസ്ഥയുടെ പ്രധാന ഉദ്ദേശ്യ ലക്ഷ്യങ്ങൾ**<br><br>1. രോഗ പര്യവേഷണം യഥാസമയം നടത്തുക<br>2. വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥരുടെ പ്രാപ്തി വർദ്ധിപ്പിക്കുക.<br>3. പരിശോധനാശാലകളുടെ (ലബോറട്ടറികൾ) ശാക്തീകരണം നടപ്പിലാക്കുക.<br>4. പര്യവേഷണ സ്ഥിതി വിവരങ്ങൾ വളരെ വേഗം കൈമാറുന്നതിന് ജില്ലാ പര്യവേഷണ യൂണിറ്റുകൾ കംപ്യൂട്ടർവൽകരിക്കുക.<br>5. സ്വകാര്യമേഖലയുമായി ഏകോപിച്ചുള്ള പ്രവർത്തനം നടപ്പാക്കുക. |

..2

സി) സംസ്ഥാനത്ത് രോഗസ്ഥിരീകരണത്തിന് കാലതാമസം വരുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതു പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളെടുത്തുവരുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ?

സി) മുൻകാലഘട്ടങ്ങളിൽ സംസ്ഥാനത്ത് രോഗസ്ഥിരീകരണത്തിന് കാലതാമസം വരുന്നതായി സർക്കാരിൻെറ ശ്രദ്ധയിൽപ്പെട്ടിരുന്നു. പക്ഷെ രോഗ സ്ഥിരീകരണം സുഗമമാക്കാൻ ഈ സർക്കാർ നിരവധി നടപടികൾ നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്നു. സാധാരണയായുണ്ടാകുന്ന ജലജന്യരോഗങ്ങളും മറ്റ് പകർച്ചവ്യാധികളും സ്ഥിരീകരിക്കുന്നതിനായി എല്ലാ ജില്ലകളിലേയും ലബോറട്ടറി സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയുണ്ടായി. താലൂക്കാശുപത്രികളിലും സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളിലും ഇപ്പോൾ ലബോറട്ടറി സൗകര്യം ലഭ്യമാണ്. ഡെങ്കിപ്പനി, ചിക്കുൻഗുനിയ എന്നീ രോഗങ്ങൾ സ്ഥിരീകരിക്കുന്നതിനായി കെ.എസ്.ഐ.വി.ഐ.ഡി. ഉൾപ്പടെ 11 ലാബുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. എം.ഡി.ആർ (മൾട്ടി ഡ്രഗ് റെസിസ്റ്റൻസ് ട്യൂബർകുലോസിസ്) രോഗനിർണ്ണയത്തിനായും സംസ്ഥാത്ത് തിരുവനന്തപുരത്ത് ഡബ്ല്യു.എച്ച്.ഒ.അക്രഡിറ്റഡ് ലാബ് (ഐ.ആർ.എൽ) പ്രവർത്തിച്ചു വരുന്നു. എച്ച്1 എൻ1 പരിശോധനയ്ക്ക് കേരളത്തിൽ ഇതിനുള്ള സൗകര്യം ഉണ്ടായിരുന്നില്ല. സംസ്ഥാന സർക്കാരിന്റെ സമയോചിതമായ ഇടപെടൽ മൂലം തിരുവനന്തപുരത്തുള്ള രാജീവ് ഗാന്ധി സെൻറർ ഫോർ ബയോ ടെക്നോളജിയിൽ എച്ച്1 എൻ1 പരിശോധനയ്ക്കുള്ള സൗകര്യം ഏർപ്പെടുത്താൻ സാധിച്ചു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 66 10-09-2009-ൽ മറുപടിയ്ക്ക്

ദേശീയ ഗെയിംസിനോടനുബന്ധിച്ചുള്ള വർക്കുകൾ

| ചോദ്യം | ഉത്തരം<br>ശ്രീ.എം.വിജയകുമാർ<br>(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി) |
|---|---|
| ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ:<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ:<br>ശ്രീ.എം.എ.വാഹീദ്: | |
| (എ)<br>അടുത്തവർഷം സംസ്ഥാനത്തു വെച്ചു നടത്തേണ്ട ദേശീയ ഗെയിംസിനോടനുബന്ധിച്ച് എന്തെല്ലാം പുതിയ വർക്കുകളാണ് നടത്തേണ്ടത്; | (എ)<br>35 -മത് ദേശീയ ഗെയിംസിന്റെ നടത്തിപ്പിനായിട്ട് കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട സ്റ്റേഡിയങ്ങൾ പുനരുദ്ധരിക്കാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ പട്ടിക അനുബന്ധമായി വച്ചിട്ടുണ്ട്. ഇതിൽ കണ്ണൂരിലെ ഇൻഡോർ സ്റ്റേഡിയവും തിരുവനന്തപുരത്തെ വാട്ടർ വർക്സിന്റെ കീഴിലുള്ള നീന്തൽക്കുളവും കൊല്ലത്തെ ഹോക്കി ടർഫും പുതിയ വർക്കുകളാണ്. ഇവ ഗെയിംസിനു മുൻപ് പൂർത്തീകരിക്കുവാൻ കഴിയും.<br>കൂടാതെ കോഴിക്കോട്, തൃശൂർ, ആലപ്പുഴ കൊല്ലം, തിരുവനന്തപുരം എന്നിവിടങ്ങളിലുള്ള സായി സെന്ററുകൾ ദേശീയ ഗെയിംസിന്റെ നടത്തിപ്പിനായി പുനരുദ്ധരിക്കുവാൻ സംസ്ഥാന സർക്കാർ സ്പോർട്സ് അതോറിറ്റി ഓഫ് ഇൻഡ്യയോട് അഭ്യർത്ഥിച്ചിട്ടുണ്ട്.<br>ഇതിനു പുറമെ ദേശീയ ഗെയിംസിനോടനുബന്ധിച്ച് താഴെ പറയുന്ന മൂന്നു സ്റ്റേഡിയങ്ങൾ പുതുതായി നിർമ്മിക്കുന്നതിനും പദ്ധതിയുണ്ട്.<br>1) തിരുവനന്തപുരം കാര്യവട്ടത്തെ സ്റ്റേഡിയം 2) തിരുവനന്തപുരം വട്ടിയൂർക്കാവ് ഇൻഡോർ സ്റ്റേഡിയം.<br>3) കോഴിക്കോട് ഇൻഡോർ സ്റ്റേഡിയം. |

(ബി)
ഇതിനു വേണ്ടി വരുന്ന ആകെ മുതൽ മുടക്കെത്രയാണ്;

(ബി)
മുകളിൽ സൂചിപ്പിച്ചിട്ടുള്ള പുതിയ സ്റ്റേഡിയങ്ങൾ ആസ്ട്രോടർഫ് രീതിയിൽ നിർമ്മിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതിന്റെ ഏകദേശ അടങ്കൽ തുക താഴെ പറയും പ്രകാരമാണ്.

കാര്യവട്ടത്തെ സ്റ്റേഡിയം - 65 കോടി രൂപ
വട്ടിയൂർക്കാവിലെ സ്റ്റേഡിയം - 50 കോടി രൂപ
കോഴിക്കോട് സ്റ്റേഡിയം - <u>25 കോടി രൂപ</u>
ആകെ 140 കോടി രൂപ

(സി)
ഈ പണികൾ ഇപ്പോൾ ഏതു സ്റ്റേജിൽ നിൽക്കുന്നു എന്നു വ്യക്തമാക്കുമോ;

(ഡി)
ഇനി എത്ര ശതമാനം പണികൾകൂടി ചെയ്തു തീർക്കേണ്ടതായുണ്ട്;

(സി)യും (ഡി) യും
മേൽപ്പറഞ്ഞ പുതിയ സ്റ്റേഡിയങ്ങൾ ആസ്ട്രോടർഫ് രീതിയിൽ നിർമ്മിക്കുന്നതിന് ടെൻഡർ വിളിക്കുന്നതിനും അനുബന്ധ നടപടികൾക്കുമായി സർക്കാർ ഒരു ട്രാൻസാക്ഷൻ അഡ്വൈസറെ നിയമിച്ചിട്ടുണ്ട്. ടി ഏജൻസിയുടെ വിശദമായ റിപ്പോർട്ട് താമസംവിനാ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഇതു ലഭിക്കുന്ന മുറയ്ക്ക് ടെൻഡർ നടപടികൾ ആരംഭിക്കാവുന്നതാണ്.

(ഇ)
ഈ പണികൾ എന്നത്തേക്കു ചെയ്തു തീർക്കാമെന്നു കരുതുന്നു ?

(ഇ)
മേൽപ്പറഞ്ഞ പുതിയ പദ്ധതികളുടെ പൂർത്തീകരണത്തിനുള്ള സമയ പരിധി ഇതിനായുള്ള ടെൻഡർ ക്ഷണിക്കുന്ന സമയത്ത് തീരുമാനിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ.

| Sl. No. | Discipline | Location | Cost (crores) | Remarks |
|---|---|---|---|---|
| 1 | Opening Ceremony<br>Closing Ceremony<br>Athletics | University Stadium, and Chandrasekharan Nair stadium, Thiruvananthapuram | 5.00 | 20,000 capacity Athletic stadium would host the closing & the opening ceremony for Kerala National Games along with athletics events. The adjoining Chandrasekharan Nair stadium would need to be connected to be used as a warm up area. Traffic diverted to give unrestricted access to players throughout the period of National Games. |
| 2 | Archery<br>Lawn Bowls | Jawaharlal Nehru Stadium, Kochi | 3.00 | 75,000 capacity stadium which could be used as an alternative venue for football also. The ground and seating are to be upgraded. |
| 3 | Football Men | Corporation Stadium, Kozhikode | 4.00 | Up-gradation of existing facilities & grounds |
| 4 | Football Women | Medical College Ground, Kozhikode – to be constructed by SAI | | Grounds, Earthern steps, boundary wall |
| 5 | Cycle Polo, Cycling<br>Sepak Tekraw,<br>Wrestling | LNCPE, Thiruvananthapuram<br>To be borne by SAI | | The velodrome to be repaired, indoor stadium to be improved to host the National Games. |
| 6 | Badminton<br>Table Tennis<br>Karate | Rajiv Gandhi Indoor Stadium | 2.00 | Maple Wood flooring for multidisciplinary Indoor Stadium, lighting. |
| 7 | Canoeing & Kayaking, Rowing | Punnamada Lake, Alappuzha to be constructed by SAI | | SAI Boat house exists at the venue. Temporary spectator arrangements need to be made. Boats for Canoeing & Kayaking, pavilion at starting & finishing points to be provided. |
| 8 | Gymnastics<br>Handball | Jimmy George Indoor Stadium, Thiruvananthapuram | 8.00 | Maple Wood flooring for multidisciplinary indoor stadium. Warm up courts added, lighting to be improved/Air conditioners to be provided. |
| 9 | Taekwondo,<br>Fencing | Agriculture College Ground, Vellayani | 4.00 | Surfacing has to be changed. PVC would be cheaper than rubber or maple wood. |
| 10 | Weightlifting | Thrissur Existing Indoor Stadium / Greenfield Indoor Stadium, Thrissur | 6.00 | Maple Wood flooring for multidisciplinary Indoor Stadium. Lighting. |
| 11 | Judo | New Indoor Stadium at Viyyur to be developed by SAI | | |
| 12 | Kalaripayattu (demo)<br>Rugby 7S | CSN Stadium | 5.00 | 2 new squash courts to be added to the venue at additional cost |

| | | | | |
|---|---|---|---|---|
| 13 | Aquatics (Swimming, diving) | Swimming Pool, Trivandrum | | here. New pool to be made for swimmin[g] Filtration system, sports lighting. Adding [e]arths stands on either side of the pools |
| 14 | Basketball | Indoor Stadium , Kakkad, Kannur | 10.00 | Major roof renovation & repair needs to b[e] considered to make the IRC venue suitabl[e] for National Games. Adequate Sport[s] Lighting & flooring to be upgraded, stand[s] repaired, and facility repainted. Therefor[e] Kanuur taken as replacement |
| 15 | Shooting | Greenfield – location yet to be decided | 10.00 | Greenfield project to include international standard Shooting galleries including 50 M, 25 M & 10 M, Trap & Skeet. Shooting Equipment including wepons. The length of the field is to be between 250-350 M to take care of safety due to firing of shots especially during trap & skeet events |
| 16 | Tennis | Trivandrum Tennis Club | 2.00 | 4 nos. 9 layer Cushioned Synthetic courts surface would be installed |
| 17 | Hockey | Kollam Hockey stadium to be built by SAI | | This cost includes Subbase preparation, water channel, paving, chainlink fencing , spricnkler system, main turf & practice turf. The turf is assumed to be put in by SAI. The proposed area at Kollam port trust is 4 acres 20 cents and is good enough for the main pitch as well as a practice pitch. |
| 18 | Volleyball | VKK Menon Indoor Stadium, Kozhikode | 4.00 | Renovation, hard wood flooring, upgradation of existing facilities, painting, external development |
| 19 | Triathlon | Shanghumughom Beach, Trivandrum | 0.1 | Temporary arrangement |
| 20 | Water Polo | Pirappancode, Trivandrum | 10.0 | |
| 20 | Beach Volleyball | Kozhikode Beach | 0.1 | Temporary arrangement |
| 21 | Beach Handball | Kozhikode Beach | 0.1 | Temporary arrangement |
| 22 | Kho Kho<br>Kabbadi | Sripada Stadium | 4.00 | Finishing of existing outdoor stadium including track |
| 23 | Boxing<br>Wushu | IRC Shanghumughom, Trivandrum | 4.00 | Roof renovation & repair needs to be considered to make the IRC venue suitable for National Games. Adequate Sports Lighting & flooring to be upgraded, stands repaired, and facility repainted. The works are to be carried out without hampering the heritage character of the building. |
| | | | 92.30 | |
| | | Contingency | 7.70 | |
| | | Total | 100.00 | |

# പന്ത്രണ്ടാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 67      10.09.2009-ൽ മറുപടിക്ക്

## സ്പാൻ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ടി.പി. കുഞ്ഞുണ്ണി<br>ശ്രീ. കെ.വി. അബ്ദുൾ ഖാദർ<br>ശ്രീ. വി. ചെന്താമരാക്ഷൻ<br>ശ്രീ. കെ.കെ. ജയചന്ദ്രൻ<br>ശ്രീ. മുരളി പെരുനെല്ലി | ശ്രീ.എൻ.കെ.പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) നബാർഡ് സഹായത്തോടെ നടപ്പാക്കുന്ന 'സ്പാൻ' പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ ; | (എ) എൽ.ഐ.സി സഹായത്തോടെ ഏറ്റെടുക്കുകയും ഫണ്ടിന്റെ അപര്യാപ്തത മൂലം പണി മുടങ്ങിപ്പോവുകയും ചെയ്ത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾ, എ.ആർ.പി/ പി.എം.ജി.വൈ സഹായത്തോടെ ഏറ്റെടുത്തതും പൂർണ്ണമായി പൂർത്തിയാക്കാൻ കഴിയാതിരുന്നതുമായ കുടിവെള്ള പദ്ധതികൾ കാലപ്പഴക്കം വന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുക, തുടങ്ങിയ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തി ശുദ്ധജല വിതരണം കാര്യക്ഷമമാക്കുന്നതിനുള്ള ചില പദ്ധതികൾ എന്നിങ്ങനെയുള്ള 36 കുടിവെള്ള പദ്ധതികൾ നബാർഡിന്റെ പ്രത്യേക സാമ്പത്തിക സഹായം കൊണ്ട് പൂർത്തിയാക്കുക എന്നതാണ് സ്പാൻ (SPAN-Special Package Assisted by NABARD) പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ടി സ്പാൻ പദ്ധതി നടപ്പിലാക്കുന്നതിനായി 670.16 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 449.89 കോടി രൂപയാണ് നബാർഡിൽ നിന്നും ലഭിക്കുന്ന ധനസഹായം. മാർച്ച് 2011- ഓടു കൂടി പദ്ധതികൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ബി) | പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്ന ശുദ്ധജല വിതരണ പദ്ധതികൾ ഏതെല്ലാമാണ്; | (ബി) | 36 ജല വിതരണ പദ്ധതികളാണ് സ്പാനിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. വിശദ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) | ഏതെല്ലാം പദ്ധതികൾ ഇതിനകം പൂർത്തിയായിട്ടുണ്ട്; | (സി) | ഇതുവരെ ഒരു പദ്ധതിയും പൂർത്തിയായിട്ടില്ല. |
| (ഡി) | പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ഡി) | ടെണ്ടറുകൾ വേഗത്തിലും സുതാര്യമായും പൂർത്തിയാക്കുന്നതിന് വാട്ടർ അതോറിറ്റി മേഖലാതലത്തിലും ഹെഡ് ഓഫീസ് തലത്തിലും പ്രത്യേക ടെക്നിക്കൽ കമ്മിറ്റികളും, സർക്കാർ തലത്തിൽ എംപവേർഡ് കമ്മിറ്റിയും രൂപീകരിച്ചു. ഒന്നര കോടിക്കു മുകളിൽ അടങ്കൽ തുക വരുന്ന പദ്ധതികൾ ഇ-ടെണ്ടറിംഗ് സംവിധാനത്തിലൂടെ ടെണ്ടർ ചെയ്യുകയും നിർമ്മാണ പ്രവർത്തന സൗകര്യത്തിനായി പദ്ധതികളെ വിവിധ പാക്കേജുകളായി തരംതിരിക്കുകയും ചെയ്തു. ഇപ്രകാരമുള്ള 100 പാക്കേജുകളിൽ 97 പാക്കേജുകൾ ടെണ്ടർ ചെയ്യുകയും അതിൽ 55 പാക്കേജുകളിൽ കരാർ ഉറപ്പിക്കുകയും 24 പാക്കേജുകളിൽ പണി ആരംഭിക്കുകയും ഉണ്ടായി.<br>പദ്ധതികൾ കാലവിളംബം കൂടാതെ പൂർത്തിയാക്കുന്നതിന് പ്രത്യേക കമ്പ്യൂട്ടർ വൽകൃത പ്രോജക്ട് മാനേജ്മെന്റ് സിസ്റ്റം ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഇ) | പദ്ധതി പൂർത്തിയാകുമ്പോൾ എത്ര പേർക്ക് കുടിവെള്ളം ലഭ്യമാകും എന്ന് വെളിപ്പെടുത്തുമോ ? | (ഇ) | ഏകദേശം 27 ലക്ഷം ജനങ്ങൾക്ക് പ്രയോജനം ലഭിക്കുമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 68 — 10-09-2009-ൽ മറുപടിയ്ക്ക്

സ്പോർട്ട്സ് കമ്മീഷൻ റിപ്പോർട്ട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.പ്രദീപ് കുമാർ:<br>ശ്രീ.കെ.കുഞ്ഞിരാമൻ:<br>ശ്രീ.പി.വിശ്വൻ:<br>ശ്രീ.വി.ശശികുമാർ:<br>ശ്രീ.പി.ടി.എ.റഹീം: | ശ്രീ.എം.വിജയകുമാർ<br>(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ സ്പോർട്ട്സ് വികസനത്തെക്കുറിച്ച് പഠിക്കുന്നതിന് നിയോഗിച്ച സ്പോർട്ട്സ് കമ്മീഷൻ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ റിപ്പോർട്ടിലെ പ്രധാനപ്പെട്ട നിർദ്ദേശങ്ങളും ശുപാർശകളും എന്തെല്ലാമാണ്;<br>(സി) റിപ്പോർട്ടിലെ ശുപാർശകൾ നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (ബി) യും (സി) യും<br>റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നു. |
| (ഡി) സ്പോർട്ട്സ് മേഖലയ്ക്ക് ഈ സർക്കാർ വന്ന ശേഷം കൂടുതൽ തുക നീക്കിവച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ഡി) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2006 - 2007 മുതൽ 2009 - 2010-വരെ സ്പോർട്ട്സ് മേഖലയ്ക്കായി പദ്ധതിയിനത്തിൽ നീക്കിവച്ചിട്ടുള്ള തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു. |

കേരളാ സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖാന്തിരം

2006-07 - 7,50,00,000/- രൂപ.

2007-08 - 13,75,00,000/- രൂപ.

2008-09 - 9,00,00,000/- രൂപ.

2009-10 - 10,00,00,000/- രൂപ.

കായിക യുവജനകാര്യ വകുപ്പ് മുഖാന്തിരം

2006-07 - 6,25,00,000/- രൂപ.

2007-08 - 4,29,89,000/- രൂപ.

2008-09 - 9,08,01,000/- രൂപ.

2009-10 - 7,21,00,000/- രൂപ.

(ഇ) കേന്ദ്ര സർക്കാരിന്റെ 'പഞ്ചായത്ത് യുവ കേന്ദ്ര ഔർ ഖേൽ അഭിയാൻ' പദ്ധതി പ്രകാരം സംസ്ഥാനത്ത് കഴിഞ്ഞ വർഷം നടന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ; ഈ വർഷത്തെ പ്രവർത്തന ലക്ഷ്യം എന്താണ്?

(ഇ) കേന്ദ്ര സർക്കാരിന്റെ 'പഞ്ചായത്ത് യുവ ക്രീഡ ഔർ ഖേൽ അഭിയാൻ' പദ്ധതി സംസ്ഥാനത്ത് വിജയകരമായി നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസിയായി കേരളാ സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിനെ ചുമതലപ്പെടുത്തുകയുണ്ടായി. കേന്ദ്ര മാർഗ്ഗ രേഖകൾക്കനുസൃതമായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ പൈക്കാ സംസ്ഥാനതല നിർവ്വഹണ സമിതിയും

ജില്ലാ/ബ്ലോക്ക്/ഗ്രാമപഞ്ചായത്ത് തലങ്ങളിൽ അതാത് നിർവ്വഹണ ഏജൻസികളും രൂപീകരിച്ചിട്ടുണ്ട്. 2008-09-ൽ കേന്ദ്ര മാർഗ്ഗ രേഖകൾക്കനുസൃതമായി 100 ഗ്രാമപഞ്ചായത്തുകൾക്കും 15 ബ്ലോക്ക് പഞ്ചായത്തുകൾക്കുമായി ഒറ്റത്തവണ സീഡ് ക്യാപ്പിറ്റൽ ഗ്രാന്റായി 1,31,25,000/- രൂപയും

വാർഷിക അക്വിസിഷണൽ ഗ്രാന്റായി 13,00,000/- രൂപയും അടക്കം മൊത്തം 1,59,85,000/- രൂപ കേന്ദ്ര സഹായമായി അംഗീകരിക്കുകയും അതിന്റെ ആദ്യ ഗഡുവായി 79,92,500/- രൂപ സംസ്ഥാനത്തിന് അനുവദിച്ചു കിട്ടുകയും ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞ കേന്ദ്ര വിഹിതത്തിനൊപ്പം അർഹമായ സംസ്ഥാന വിഹിതവും (21.37 ലക്ഷം രൂപ) ചേർത്ത് ഗുണഭോക്താക്കളായ ഗ്രാമപഞ്ചായത്തുകൾക്കും ബ്ലോക്ക് പഞ്ചായത്തുകൾക്കും യഥാക്രമം 61,000/- രൂപ വീതവും 2,72,500/- രൂപ വീതവും പൈക്കാ നടത്തിപ്പിന് അർഹതയുണ്ട്. ഇതിൽ കായിക വിനോദങ്ങൾക്കായുള്ള ഉപകരണങ്ങൾ വാങ്ങുന്നതിന് ഉദ്ദേശിച്ചുള്ള വാർഷിക അക്വിസിഷണൽ ഗ്രാന്റ് ഒഴികെ ബാക്കി തുക ഉപഭോക്താക്കളായ ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്ക് വിതരണം ചെയ്തു കഴിഞ്ഞു. കായിക ഉപകരണങ്ങൾ കേരളാ സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന വാങ്ങി വിതരണം ചെയ്യുന്നതാണ്.

കേരളത്തിൽ പൈക്ക നടപ്പാക്കുന്നതിന്റെ സംസ്ഥാനതല ഉദ്ഘാടനം 29-06-2009-ന് തിരുവനന്തപുരം ജില്ലയിൽ മാണിക്കൽ ഗ്രാമപഞ്ചായത്തിൽ വെച്ചു നടത്തുകയുണ്ടായി. 200 ഗ്രാമപഞ്ചായത്തുകളെയും 30 ബ്ലോക്ക് പഞ്ചായത്തുകളെയും ഉൾപ്പെടുത്തി കൊണ്ടുള്ള 2009-10-ലെ പൈക്കാ സംസ്ഥാന വാർഷിക പദ്ധതി കേന്ദ്ര അനുമതിയ്ക്കായി സമർപ്പിക്കുന്നതിനുള്ള നടപടി പൂർത്തിയായി വരുന്നു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 69

10.09.2009 -ൽ മറുപടിക്ക്

പന്നിപ്പനി രോഗ നിർണ്ണയം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.മുരളി:<br>" തിരുവഞ്ചൂർ രാധാകൃഷ്ണൻ: | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പന്നിപ്പനി എത്രപേർക്ക് പിടിപെട്ടു; | (എ) 6.9.2009 വരെ സംസ്ഥാനത്ത് 256 (ഇരുന്നൂറ്റി അമ്പത്തിയാറ്) പേർക്ക് പന്നിപ്പനി പിടിപെട്ടിട്ടുണ്ട്. |
| (ബി) രോഗം പന്നിപ്പനിയാണോ എന്നറിയുന്ന തിനുള്ള പരിശോധന സംസ്ഥാനത്ത് എവിടെയെല്ലാം നടത്താനുള്ള സൗകര്യമുണ്ട്; | (ബി) പന്നിപ്പനി ടെസ്റ്റ് ചെയ്യുന്നതിനുള്ള സൗകര്യം തിരുവനന്തപുരത്തെ രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോ ളജിയിൽ ഉണ്ട്. |
| (സി) പരിശോധന നടത്തി രോഗം തിരിച്ചറി യുന്നതിന് എത്ര ദിവസത്തെ താമസമു ണ്ടാകും; | (സി) നിലവിൽ 24 മണിക്കൂർ മുതൽ 48 മണിക്കൂറിനുള്ളിൽ പരിശോധനാഫലം ലഭ്യമാകുന്നുണ്ട്. |
| (ഡി) പന്നിപ്പനിമൂലം സംസ്ഥാനത്ത് എത്ര പേർ മരിച്ചു; | (ഡി) 6.9.2009 വരെ 4 പേർ മരണപ്പെട്ടി ട്ടുണ്ട്. |
| (ഇ) മരിച്ചവരുടെ ആശ്രിതർക്ക് എന്തു സഹായം നൽകി എന്ന് വ്യക്തമാക്കുമോ? | (ഇ) ഇതുവരെ സാമ്പത്തികസഹായമൊന്നും നൽകിയിട്ടില്ല. |

K.S.Sudha
സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 70 | 10.09.2009-ൽ മറുപടിക്ക് |
|---|---|

## ക്യാൻസർ രോഗികളായ കുട്ടികളുടെ ചികിത്സ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.ഡി.സതീശൻ:<br>ശ്രീ.ജോർജ് മേഴ്സിയർ: | | ശ്രീമതി.പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | ക്യാൻസർ രോഗികളായ കുട്ടികളുടെ ചികിത്സയ്ക്ക് സംസ്ഥാനത്ത് എന്തെല്ലാം ഏർപ്പാടുകളാണുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) &<br>(ബി) | ക്യാൻസർ രോഗികളായ കുട്ടികളുടെ ചികിത്സയ്ക്ക് സാമൂഹ്യ സുരക്ഷാമിഷൻ മുഖേന എല്ലാ മെഡിക്കൽ കോളേജുകളിലും എറണാകുളം ജനറൽ ആശുപത്രി, പരിയാരം കോ ഓപ്പറേറ്റീവ് മെഡിക്കൽ കോളേജ്, തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെൻറർ, മലബാർ ക്യാൻസർ സെൻറർ എന്നീ സ്ഥാപനങ്ങൾ വഴിയും സഹായം നൽകി വരുന്നു. ബി.പി.എൽ കുടുംബത്തിലെ കുട്ടികൾക്ക് 50,000 രൂപവരെയുള്ള മരുന്നുകൾ ഈ പദ്ധതി വഴി ലഭ്യമാക്കുന്നു. ക്യാൻസർ ബാധിച്ച കുട്ടികളെ ചികിത്സിക്കുന്നതിന് പ്രത്യേക പരിശീലനം നേടിയ ഡോക്ടർ, സ്റ്റാഫ് നേഴ്സ് എന്നിവരുടെ സേവനം മിക്ക ആശുപത്രികളിലും ലഭ്യമാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലും കുട്ടികളുടെ ചികിത്സാ വിഭാഗവും ചികിത്സാ സൗകര്യങ്ങളും, തീവ്രപരിചരണ വിഭാഗവും പ്രവർത്തിക്കുന്നു. കോഴിക്കോട് മെഡിക്കൽ കോളേജിൽ ലുക്കിമിയ രോഗികളായ കുട്ടികളുടെ ചികിത്സയ്ക്കായി നവീകരിച്ച ലുക്കീമിയ വാർഡ് സജ്ജമാക്കിയിട്ടുണ്ട്. ക്യാൻസർ രോഗികളായ കുട്ടികളെ ചികിത്സിക്കുന്നതിന് പീഡിയാട്രിക് ഓങ്കോളജി എന്ന പ്രത്യേക വിഭാഗം ആർ.സി.സിയിൽ പ്രവർത്തിച്ച് വരുന്നു. രോഗ നിർണ്ണയ പരിശോധനകൾക്ക് അത്യാധുനിക സൗകര്യങ്ങൾ, കീമോതെറാപ്പി, റേഡിയേഷൻ, ശസ്ത്രക്രിയ എന്നീ ചികിത്സാ സംവിധാനങ്ങളും ആർ.സി.സിയിലുണ്ട്. കൂടാതെ രോഗികളുടെ മാനസികോല്ലാസത്തിന് ഒരു വിനോദശാലയും ആർ.സി.സി. യിൽ സജ്ജമാക്കിയിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് എത്ര ആശുപത്രികളിൽ കുട്ടികളുടെ ക്യാൻസർ രോഗം ചികിത്സിക്കുന്നതിനുള്ള സൗകര്യമുണ്ട്; | | |

| | | | |
|---|---|---|---|
| (സി) | ഇതിനുവേണ്ടി കൂടുതൽ കേന്ദ്രങ്ങൾ ആരംഭിക്കുവാൻ പദ്ധതിയുണ്ടോ; | (സി) | ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) | എങ്കിൽ എത്ര കേന്ദ്രങ്ങളെന്ന് വ്യക്തമാക്കുമോ; | (ഡി) | ബാധകമല്ല. |
| (ഇ) | കുട്ടികളുടെ ക്യാൻസർ ചികിത്സയ്ക്ക് 2008-09-ൽ എത്ര തുകയാണ് ബജറ്റിൽ വകയിരുത്തിയതെന്ന് വ്യക്തമാക്കുമോ; | (ഇ), (എഫ്) & ജി) | കുട്ടികളുടെ ക്യാൻസർ ചികിത്സയ്ക്കായി 2008-09 വർഷത്തിൽ സംസ്ഥാന ബജറ്റിൽ പ്രത്യേകമായി തുക വകയിരുത്തിയിരുന്നില്ല. എന്നാൽ ക്യാൻസർ സുരക്ഷാ പദ്ധതി പ്രകാരം 50 ലക്ഷം രൂപ 2008-09 വർഷത്തിൽ ആർ.സി.സിക്ക് ലഭിക്കുകയും പ്രസ്തുത തുക മുഴുവനും കുട്ടികളുടെ ചികിത്സയ്ക്കായി വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. ഈ ആവശ്യത്തിനായി വകയിരുത്തിയിട്ടുള്ള തുകകൾ ലാപ്സായിട്ടില്ല. |
| (എഫ്) | അതിൽ എത്ര തുക ലാപ്സായി; | | |
| (ജി) | ഈ തുക ലാപ്സാകാനുള്ള കാരണങ്ങൾ എന്തെല്ലാമെന്നു വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 71 | 10.09.2009 ൽ മറുപടിയ്ക്ക് |

ഖാദി, കൈത്തറി മേഖലകളുടെ ശോച്യാവസ്ഥ

ചോദ്യം

ഉത്തരം

ശ്രീ. എളമരം കരീം

(ബഹു. വ്യവസായ വകുപ്പ് മന്ത്രി)

ശ്രീ. ബി.ഡി. ദേവസ്സി എംഎൽ.എ.

" കെ. കുഞ്ഞമ്മത് മാസ്റ്റർ "

" സി.കെ.പി. പത്മനാഭൻ "

" കെ.സി. രാജഗോപാലൻ "

" പി.പി. അബ്ദുള്ളക്കുട്ടി "

(എ) ഖാദി, കൈത്തറി മേഖലകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ ?

(എ) ഖാദി മേഖലയുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ താഴെക്കൊടുക്കുന്നു :-

വർഷം മുഴുവൻ ഖാദി തുണിത്തരങ്ങളുടെ ചില്ലറ വില്പനയ്ക്ക് 10% റിബേറ്റ് അനുവദിച്ചു. റിബേറ്റ് കുടിശ്ശിക പൂർണ്ണമായും കൊടുത്തു തീർത്തു. 2009-10 വർഷം റിബേറ്റിനത്തിൽ 5.5. കോടി രൂപ വകയിരുത്തി.

സർക്കാർ ഇടപെട്ട് ഖാദി തൊഴിലാളികളുടെ വേതനം 2007 മുതൽ 25% വും 2009 മുതൽ 50% വും വർദ്ധിപ്പിച്ചു.

ഖാദി തൊഴിലാളികൾക്ക് നൽകിവരുന്ന ഉൽപാദന ഇൻസെന്റീവ് നൂൽപ്പിന് 2007 മുതൽ 10 പൈസയിൽ നിന്ന് 20 പൈസയായും 2009 മുതൽ 20 പൈസയിൽ നിന്ന് 30 പൈസയായും നെയ്ത്തിന് യഥാക്രമം 40 പൈസയിൽ നിന്ന് 55 പൈസയായും 55 പൈസയിൽ നിന്ന് 90 പൈസയായും വർദ്ധിപ്പിച്ചു.

ഖാദി തൊഴിലാളി ക്ഷേമനിധിയിലേയ്ക്ക് സർക്കാർ വിഹിതമായി രണ്ട് കോടി രൂപ നൽകി.

ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ മുഴുവൻ ഖാദി തൊഴിലാളികൾക്കും ഇതാദ്യമായി 2007-ലെ ഓണത്തിന് 250 രൂപ വീതം ഉത്സവബത്ത നൽകി. 2008-ലെ ഓണത്തിന് അത് 300 രൂപയായി വർദ്ധിപ്പിച്ച് നൽകുകയും 2009-ലെ ഓണത്തിന് അത് 300 രൂപയിൽ നിന്ന് 350 രൂപയായി വർദ്ധിപ്പിച്ച് നൽകുകയുമുണ്ടായി.

ഖാദിസഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ ഗ്രാന്റായി 2007-08 വർഷം 50 ലക്ഷം രൂപയും 2008-09, 2009-10 എന്നീ വർഷങ്ങളിൽ 20 ലക്ഷം രൂപ വീതവും വകയിരുത്തിയിട്ടുണ്ട്.

ഖാദി മേഖലയിൽ പ്രവർത്തിക്കുന്ന മറ്റു സ്ഥാപനങ്ങൾക്ക് പുനരുദ്ധാരണത്തിന് ഗ്രാന്റായി 2007-08 വർഷം 50 ലക്ഷം രൂപയും 2008-09, 2009-10 എന്നീ വർഷങ്ങളിൽ 25 ലക്ഷം രൂപ വീതവും വകയിരുത്തിയിട്ടുണ്ട്.

ഖാദി കമ്മീഷന്റെ സാമ്പത്തിക സഹായത്തോടെ തിരുവനന്തപുരം, കൊല്ലം ജില്ലകൾക്ക് പ്രത്യേകം ഖാദി ക്ലസ്റ്റർ നടപ്പിലാക്കി. അതു പോലെ കണ്ണൂർ, കാസർഗോഡ് ജില്ലകൾക്കായി അധിക കേന്ദ്ര സഹായ ഫണ്ട് 2 കോടി രൂപ (ACA) ഉപയോഗിച്ച് പയ്യന്നൂർ ഖാദി ക്ലസ്റ്റർ ആരംഭിച്ചു.

ഖാദി കൈത്തൊഴിൽകാർക്ക് ആധുനിക സൗകര്യങ്ങൾ നൽകുന്നതിന് 2009-10 വർഷം 20 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ഖാദി വില്പനകേന്ദ്രങ്ങളും ഗോഡൌണുകളും കമ്പ്യൂട്ടർവത്കരിക്കുന്നതിനായി 2009-10 ൽ 50 ലക്ഷം രൂപ സംസ്ഥാന സർക്കാർ വകയിരുത്തിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ഇതിലൂടെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

സർക്കാർ ജീവനക്കാർ ആഴ്ചയിലൊരി

ക്കൽ ഖാദി/കൈത്തറി ധരിക്കണമെന്നും വിദ്യാർത്ഥികൾ സ്കൂൾ യൂണിഫോമുകൾ ഖാദി/കൈത്തറിയാക്കണമെന്നുമുള്ള സർക്കാർ അഭ്യർത്ഥനയുടെ ഫലമായി ഖാദി വിൽപ്പനയിൽ 15% വർദ്ധനവുണ്ടാക്കി. ഇതുവഴി ഖാദി മേഖലയിൽ ഉല്പാദനം വർദ്ധിക്കുകയുണ്ടായി.

സംസ്ഥാന സർക്കാർ സംഘടിപ്പിച്ച ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിലൂടെ ഖാദി മേഖലയിൽ 1.23 കോടി രൂപയുടെ ഉല്പന്നങ്ങൾ വിറ്റഴിക്കാൻ സാധിച്ചു. ഇത് പരമ്പരാഗത ഖാദി നെയ്ത്തു തൊഴിലാളികളുടെ തൊഴിലവസരം വർദ്ധിപ്പിക്കുന്നതിനും അവരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനും വളരെയധികം സഹായകരമായിരുന്നു.

**കൈത്തറിമേഖല**

കേരളത്തിലെ കൈത്തറി മേഖലയുടെ സിംഹഭാഗവും കൈത്തറി സഹകരണ സംഘങ്ങളിലൂടെയാണ് നിലനിൽക്കുന്നത്. ആയതിനാൽ സംഘങ്ങളുടെയും അപ്പക്സ് സ്ഥാപനമായ ഹാന്റക്സിന്റെയും പ്രവർത്തനത്തെ ശക്തിപ്പെടുത്തിക്കൊണ്ടു മാത്രമേ മേഖലയുടെ ശോച്യാവസ്ഥ പരിഹരിക്കാൻ കഴിയുകയുള്ളൂ. അതേ സമയം സഹകരണമേഖലയ്ക്കു പുറത്തുള്ള കൈത്തറി നെയ്ത്തുകാർക്കായി ഹാൻവീവിന്റെ പ്രവർത്തനവും ശക്തിപ്പെടുത്തേണ്ടതുണ്ട്. ഈ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി അനവധി പദ്ധതി പ്രവർത്തനങ്ങൾ സർക്കാർ നടപ്പിലാക്കി വരുന്നു. ഈ പദ്ധതികൾക്കായി നടപ്പു സാമ്പത്തിക വർഷം 52 കോടി രൂപാ സർക്കാർ വകയിരുത്തിയിട്ടുണ്ട്.

മേൽ പദ്ധതികൾക്കു പുറമേ കൈത്തറി-ഖാദി ഉല്പന്നങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി അതി ബൃഹത്തായ ഒരു പ്രചരണ പദ്ധതി നടപ്പിലാക്കി വരികയാണ്.

ഈ പ്രചരണ പരിപാടിയ്ക്കായി 2.65 കോടി രൂപ നീക്കി വച്ചിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം വിപുലമായ പരിപാടികളോടെ നടന്നു വരുന്നു.

കൂടാതെ കേരളത്തിലെ കൈത്തറി ഉൽപ്പന്നങ്ങളുടെ മേഖലാ ബ്രാൻഡുകൾ വികസിപ്പിച്ചെടുക്കുന്നതിനും അതു വഴി ജനപ്രീതി നേടുന്നതിനും ഒരു കോടി രൂപ ചെലവു ചെയ്യുള്ള ഒരു പദ്ധതി നടന്നുവരുന്നുണ്ട്. ഇതിനു പുറമേ ഭൗമ സൂചക പ്രാധാന്യമുള്ള കേരളത്തിലെ കൈത്തറി ഉല്പന്നങ്ങളെ ബൗദ്ധിക സ്വത്തവകാശത്തിൻ കീഴിൽ രജിസ്റ്റർ ചെയ്തു സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങളും പുരോഗമിച്ചു വരുന്നു.

കേരളത്തിലെ കൈത്തറി മേഖല അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന പ്രധാന പ്രശ്നങ്ങളിലൊന്ന് നൂൽ സംസ്കരണത്തിനും 'ഡൈ' ചെയ്യുന്നതിനുമുള്ള സൗകര്യങ്ങളുടെ കുറവാണ്. ഇതു പരിഹരിക്കുന്നതിന് കോഴിക്കോട് ജില്ലയിൽ ഒരു നൂൽ സംസ്കരണശാല സർക്കാർ സഹായത്തോടെ സ്ഥാപിക്കുകയാണ്. കൂടാതെ തിരുവനന്തപുരം ജില്ലയിലെ മഞ്ചവിളാകത്തും വിപുലമായ ഒരു നൂൽ സംസ്കരണശാല സ്ഥാപിച്ചു വരികയാണ്.

കൈത്തറി മേഖലയിൽ പരിശീലനം നൽകുന്നതിനായി തിരുവനന്തപുരത്ത് ഒരു സാങ്കേതിക വിദ്യാകേന്ദ്രം സ്ഥാപിക്കുന്നതിനു പുറമേ വീവേഴ്സ് സർവ്വീസ് സെന്ററിന്റെ സൗകര്യങ്ങൾ നൽകുന്ന ഒരു സ്ഥാപനവും ആരംഭിക്കുകയാണ്. കണ്ണൂർ ജില്ലയിൽ പ്രവർത്തിക്കുന്ന ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ ഹാന്റ്ലൂം ടെക്നോളജി ദേശീയ നിലവാരത്തിലുള്ള ഇൻസ്റ്റിറ്റ്യൂട്ടായി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കൈത്തറി മേഖല നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് പഠിച്ച് സർക്കാരിന് റിപ്പോർട്ടു നൽകുന്നതിന് ശ്രീ. അരക്കൻ ബാലൻ അദ്ധ്യക്ഷനായ

ഒരു കമ്മിറ്റിയെ നിയോഗിച്ചിരിക്കുകയാണ്.

(ബി) ഖാദി മേഖലയുടെ വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) **ഖാദി മേഖലയുടെ വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.**

1. ഖാദി ഷർട്ടിംഗ് തുണികൾ നെയ്യുന്നതിന് പുതിയ ഡിസൈനിലുള്ള പാറ്റേണുകൾ ഉപയോഗിക്കുന്നു.
2. ഖാദി സിൽക്ക് സാരികൾ പ്രിന്റ് ചെയ്യുന്നതിന് ആധുനിക ഫാഷൻ ഡിസൈനുകൾ തെരഞ്ഞെടുത്ത് ഉപയോഗിക്കുന്നു.
3. ടെക്നിക്കൽ ജീവനക്കാർക്ക് ആധുനിക ഫാഷൻ ഡിസൈനിംഗിൽ പരിശീലനം നൽകിവരുന്നു.
4. ഖാദി റെഡിമെയ്ഡ് യൂണിറ്റിലെ തൊഴിലാളികൾക്ക് ഫാഷൻ ഡിസൈനിംഗിൽ പ്രത്യേക പരിശീലനം നൽകിവരുന്നു.
5. ആകർഷകമായ ബെഡ്ഷീറ്റുകൾ, സിൽക്ക് തുണിത്തരങ്ങൾ എന്നിവ നിർമ്മിക്കത്തക്കവിധത്തിൽ തറികളിൽ വേണ്ട മാറ്റങ്ങൾ വരുത്തുന്നുണ്ട്.

(സി) കൈത്തറി നെയ്ത്തുകാർക്കുംഅനുബന്ധ തൊഴിലാളികൾക്കും കൂടുതൽ തൊഴിൽ ദിനങ്ങൾ നൽകുന്നതിനായി ആരംഭിച്ച ' കൃതിക' ' തനിമ' എന്നീ പദ്ധതികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ ?

(സി) ഉണ്ട്.

കേന്ദ്ര സർക്കാർ ആവിഷ്കരിച്ച സുവർണ്ണ ജയന്തി ഗ്രാം സ്വരോസ്ഗാർ യോജന പദ്ധതി പ്രകാരം നടപ്പിലാക്കി വരുന്ന പദ്ധതികളാണ് 'കൃതിക', 'തനിമ' എന്നിവ. കണ്ണൂർ ജില്ലയിൽ ഹാൻവീവിന്റെ മേൽ നോട്ടത്തിൽ നടത്തി വരുന്ന 'കൃതിക' പദ്ധതി നെയ്ത്ത് അനുബന്ധ മേഖലയിലെ 3000 ഗുണഭോക്താക്കളെ ലക്ഷ്യമിട്ടാണ് ആരംഭിച്ചത്. ഇതിന്റെ ആകെ പ്രോജക്റ്റ് തുക 11.08 കോടി രൂപയാണ്. ഇതിൽ കേന്ദ്ര സർക്കാർ ധനസഹായം 3.75 കോടിയും സംസ്ഥാന സർക്കാർ വിഹിതം 1.25

- - - - - - - - - - - - -

കോടി രൂപയും ബാങ്ക് വായ്പ 5.68 കോടി രൂപയും ഗുണഭോക്തൃ വിഹിതം 0.4 കോടി രൂപയും ആണ്. ഇതുവരെ കേന്ദ്ര സർക്കാർ 1.5 കോടി രൂപയും സംസ്ഥാന സർക്കാർ 0.5 കോടി രൂപയും വിതരണം ചെയ്തിട്ടുണ്ട്. ലക്ഷ്യമിട്ടിരുന്ന ഗുണഭോക്താക്കളുടെ എണ്ണം 3000 ആയിരുന്നെങ്കിലും **2358** പേരെ മാത്രമേ ഇതിന്റെ കീഴിൽ കൊണ്ടുവരാൻ കഴിഞ്ഞിട്ടുള്ളൂ. ഇതിൽ 1408 പേർക്ക് നേരിട്ട് സഹായം ലഭ്യമാക്കുകയും ശേഷിക്കുന്നവർക്ക് വിവിധ ഘട്ടങ്ങളിലൂടെ ഗുണം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ 1408 പേരിൽ 972 പേർ വനിതകളാണ്.

തിരുവനന്തപുരം ജില്ലയിൽ ഹാൻവീവിന്റെ ആഭിമുഖ്യത്തിൽ നടന്നുവരുന്ന പദ്ധതിയാണ് 'തനിമ'. 4000 നെയ്ത്തു/അനുബന്ധ തൊഴിലാളികളെ ലക്ഷ്യമിട്ട് ആരംഭിച്ച ഈ പദ്ധതിയുടെ പദ്ധതി തുക 14.64 കോടി രൂപയാണ്. ഇതിൽ കേന്ദ്രസർക്കാർ വിഹിതം 5.90 കോടി രൂപയും സംസ്ഥാന സർക്കാർ വിഹിതം 1.97 കോടി രൂപയും ബാങ്ക് വായ്പ 6.3 കോടി രൂപയും ഉപഭോക്തൃ വിഹിതം 0.47 കോടി രൂപയും ആണ്.

ലക്ഷ്യമിട്ട 4000 നെയ്ത്തുകാരെയും കണ്ടെത്തിയെങ്കിലും 3490 നെയ്ത്തുകാരെ മാത്രമേ ഗ്രൂപ്പ് അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്യാൻ ഇതിനകം കഴിഞ്ഞിട്ടുള്ളൂ. ആകെ രജിസ്റ്റർ ചെയ്ത 349 സ്വയം സഹായ സംഘങ്ങളിൽ 234 എണ്ണം ഗ്രേഡ് ചെയ്യപ്പെടുകയും അതിൽ 168 എണ്ണത്തിനും ബാങ്ക് വായ്പ ലഭ്യമാകുകയും ചെയ്തു. ഇവയിൽ 92 സംഘങ്ങളിൽ ഉല്പാദനം നടന്നുവരികയാണ്.

(ഡി) ഖാദി ബോർഡിന്റെ നടത്തിപ്പിന് ഈ സർക്കാർ ഇതുവരെ എത്ര കോടി രൂപ അനുവദിച്ചു എന്ന് വെളിപ്പെടുത്തുമോ; മുൻ സർക്കാർ എത്ര കോടി

(ഡി) ഈ സർക്കാർ അധികാരമേറ്റശേഷം കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ നടത്തിപ്പിന് താഴെപ്പറയുന്ന ധനസഹായം ലഭിച്ചിട്ടുണ്ട് :-

രൂപയാണ് അനുവദിച്ചത് എന്ന് വ്യക്തമാക്കുമോ;

| വർഷം | അനുവദിച്ച തുക |
|---|---|
| 2006-07 | 1050 ലക്ഷം രൂപ |
| 2007-08 | 935 ലക്ഷം രൂപ |
| 2008-09 | 1500 ലക്ഷം രൂപ |
| 2009-10 | 1380 ലക്ഷം രൂപ |
| ആകെ | 4865 ലക്ഷം രൂപ |

മുൻ സർക്കാർ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ നടത്തിപ്പിന് അനുവദിച്ച തുകയുടെ വിവരം താഴെക്കൊടുക്കുന്നു:-

| വർഷം | അനുവദിച്ച തുക |
|---|---|
| 2001-02 | 495.16 ലക്ഷം രൂപ |
| 2002-03 | 695.16 ലക്ഷം രൂപ |
| 2003-04 | 544.67 ലക്ഷം രൂപ |
| 2004-05 | 610.03 ലക്ഷം രൂപ |
| 2005-06 | 750.00 ലക്ഷം രൂപ |
| ആകെ | 3095.02 ലക്ഷം രൂപ |

(ഇ) ഖാദി, കൈത്തറി മേഖലകളിലെ വേതനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ ?

(ഇ) സ്വീകരിച്ചിട്ടുണ്ട്.

ഖാദി തൊഴിലാളികൾക്ക് 2007-ൽ 25 ശതമാനവും 01/01/2009 മുതൽ 50 ശതമാനവും വേതനം വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്.

കൈത്തറി മേഖലയിൽ വേതനത്തിന്റെ കുറവിന് പ്രധാന കാരണങ്ങൾ ഉയർന്ന ഉല്പാദന ചെലവും കുറഞ്ഞ ഉല്പാദനക്ഷമതയും ആണ്. കൂടാതെ വൈവിദ്ധ്യമേറിയതും ആകർഷകവുമായ ഉല്പന്നങ്ങളുടെ കുറവും മറ്റൊരു കാരണമാണ്. ഈ തടസ്സങ്ങളെല്ലാം ഒഴിവാക്കിയാൽ മാത്രമേ മെച്ചപ്പെട്ട വേതനം ലഭ്യമാക്കാൻ കഴിയൂ.

ഉല്പാദന ചെലവ് കുറച്ചുകൊണ്ടുവരുന്നതിനും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും

പുതിയ സാങ്കേതിക വിദ്യകൾ കൈത്തറിമേഖലയിൽ സന്നിവേശിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ അസംസ്കൃത വസ്തുക്കളുടെ വിലകുറച്ചു കൊണ്ടു ഉല്പന്നവില കുറയ്ക്കുന്നതിനായി അസംസ് കൃത വസ്തു സബ്സിഡി നൽകിവരുന്നു. ഉല്പന്ന വൈവിധ്യവൽക്കരണത്തിനും നവീനമായ ഡിസൈനുകൾ ലഭ്യമാക്കി വിപണി മെച്ചപ്പെടുത്തുന്നതിനുമായി വിവിധ പദ്ധതികളിലൂടെ സഹായം നൽകുന്നു. കൂടാതെ ഗുണമേന്മയുള്ള ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് നെയത്തുകാരെ പ്രാപ്തമാക്കുന്നതിനായി വിവിധ പരിശീലന പരിപാടികളും നടത്തി വരുന്നു. ഇതു വഴി കൈത്തറി തൊഴിലാളികൾക്ക് കൂടുതൽ വേതനം നേടാൻ സൗകര്യം ഒരുക്കുകയാണ്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 72 — 10-09-2009-ൽ മറുപടിക്ക്

ദേശീയ ഗെയിംസ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.ടി.ജലീൽ:<br>ശ്രീ.എ.എം.യൂസഫ്:<br>ശ്രീ.എ.പ്രദീപ് കുമാർ:<br>ശ്രീ.വി.ശിവൻകുട്ടി:<br>ശ്രീ.രാജു എബ്രഹാം: | ശ്രീ.എം.വിജയകുമാർ<br>(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി) |
| (എ)<br>35-ാമത് ദേശീയ ഗെയിംസ് കേരളത്തിൽ വച്ച് നടത്തുന്നതുമായി ബന്ധപ്പെട്ട് ഇതിനകം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ)<br>35-ാമത് ദേശീയ ഗെയിംസ് ആദ്യം അനുവദിച്ചത് ഉത്തർപ്രദേശിനാണ്. കേരള സർക്കാരിന്റെയും കേരളത്തിലെ സ്പോർട്സ് സമൂഹത്തിന്റെയും നിരന്തര സമ്മർദ്ദത്തിന്റെ ഫലമായാണ് 35-ാം ദേശീയ ഗെയിംസിന്റെ വേദി കേരളത്തിനനുകൂലമായി മാറ്റപ്പെട്ടത്. കൂടാതെ ഉത്തർപ്രദേശ് 2010-ലെ കോമൺവെൽത്ത് ഗെയിംസിന്റെ വേദിയാണെന്നുള്ളതും കേന്ദ്ര സർക്കാരിന്റെ തീരുമാനത്തിന് ഹേതുവായി. സാധാരണഗതിയിൽ ദേശീയ ഗെയിംസ് രണ്ടു വർഷത്തിലൊരിക്കലാണ് നടക്കാറുള്ളത്. ദേശീയ ഗെയിംസിന്റെ വേദികളും നേരത്തെ തീരുമാനിക്കപ്പെടും.പക്ഷെ കേരളം ദേശീയ ഗെയിംസിന്റെ വേദിയായി പ്രഖ്യാപിക്കപ്പെട്ടത് 2008-ൽ മാത്രമാണ്. സാധാരണ ഗതിയിൽ ആതിഥേയ സംസ്ഥാനങ്ങൾക്ക് 4 വർഷമെങ്കിലും ദേശീയ ഗെയിംസിനുള്ള തയ്യാറെടുപ്പിനായി ലഭിക്കുന്നതാണ്. എന്നാൽ കേരളത്തിന്റെ കാര്യത്തിൽ ഒന്നര വർഷം മാത്രമാണ് ദേശീയ ഗെയിംസിന്റെ തയ്യാറെടുപ്പിനായി ലഭിച്ചിട്ടുള്ളത്. എന്നിരുന്നാലും കേരള സർക്കാർ |

ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കുകയും, ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ, കേരള ഒളിമ്പിക് അസോസിയേഷൻ എന്നിവയുമായി 07-11-200[illegible]-ൽ ഹോസ്റ്റ് സിറ്റി കോൺട്രാക്ട് ഒപ്പു വെയ്ക്കുകയുമുണ്ടായി. തുടർന്ന് ദേശീയ ഗെയിംസ് ഓർഗനൈസിംഗ് കമ്മിറ്റിയും (NGOC) ദേശീയ ഗെയിംസ് സെക്രട്ടറിയേറ്റും (NGS) രൂപീകരിക്കുകയുണ്ടായി.

35-ാമത് ദേശീയ ഗെയിംസ് 2010 [illegible]യിൽ നടത്താനാണ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്. നിലവിലുള്ള സ്റ്റേഡിയങ്ങൾ നവീകരിച്ചും പുനർനിർമ്മിച്ചുമാണ് ഗെയിംസ് നടത്തുവാൻ തീരുമാനിച്ചിട്ടുള്ളത്. വേദികളിലെ അടിസ്ഥാന സൗകര്യ വികസനമാണ് ദേശീയ ഗെയിംസ് സെക്രട്ടറിയേറ്റിന്റെ പ്രവർത്തനങ്ങളുടെ പ്രധാന ഘടകം. അവയാണ്;

1) കേരളത്തിലെ നിലവിലുള്ള സ്റ്റേഡിയങ്ങളുടെ ~~[illegible]~~ നവീകരണവും വികസനവും.
2) പുതിയ ഗ്രീൻഫീൽഡ് സ്റ്റേഡിയങ്ങളുടെ നിർമ്മാണം.
3) നാഷണൽ ഗെയിംസ് വില്ലേജ് നിർമ്മാണം.
4) കേരളത്തിലെ സായി സ്റ്റേഡിയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം.

സായി കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ സഹായം അഭ്യർത്ഥിച്ചിട്ടുണ്ട്. എന്നാൽ മറ്റ് മൂന്ന് പ്രോജക്ടുകളും നാഷണൽ ഗെയിംസ് സെക്രട്ടറിയേറ്റ് മുഖേന കേരള സർക്കാർ നടപ്പിലാക്കേണ്ടതാണ്. നിലവിലുള്ള

| | |
|---|---|
| | സ്റ്റേഡിയങ്ങളുടെ നവീകരണത്തിന്റെ കാര്യത്തിൽ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ഒരു പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയെ നിയമിക്കുകയും അവർ 50.57 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നല്കുന്നതിനായി ഒരു എംപവേർഡ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. |
| (ബി) ഗെയിംസിനോടനുബന്ധിച്ച് എത്ര ഗ്രീൻ ഫീൽഡ് സ്റ്റേഡിയങ്ങൾ നിർമ്മിക്കാനാണ് പദ്ധതിയിട്ടിട്ടുള്ളത്; അവ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ; | (ബി) തിരുവനന്തപുരം ജില്ലയിലെ കാര്യവട്ടം, വട്ടിയൂർക്കാവ് എന്നിവിടങ്ങളിലും കോഴിക്കോട്ടും ഗ്രീൻ ഫീൽഡ് സ്റ്റേഡിയങ്ങൾ നിർമ്മിക്കാൻ പദ്ധതിയുണ്ട്. |
| (സി) ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട് ഒരുക്കുവാൻ ഉദ്ദേശിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ എന്തെല്ലാമാണ്; | (സി) ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട് നിലവിലുള്ള സ്റ്റേഡിയങ്ങളുടെ പുനരുദ്ധാരണവും പുതിയ സ്റ്റേഡിയങ്ങളുടെ നിർമ്മാണവും കൂടാതെ കായിക താരങ്ങൾക്കും ഒഫിഷ്യലുകൾക്കും താമസ സൗകര്യം ഒരുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) ദേശീയ ഗെയിംസിന് മൊത്തം എത്ര കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു; ഇതിൽ കേന്ദ്ര വിഹിതമായി എത്ര കോടി ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് എന്ന് വ്യക്തമാക്കുമോ ? | (ഡി) 35-ാമത് ദേശീയ ഗെയിംസിന് മൊത്തം 400/- കോടി രൂപയോളം ചെലവ് പ്രതീക്ഷിക്കുന്നു. ഇതിന് കേന്ദ്ര സഹായം ലഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കേന്ദ്രം 110/- കോടി രൂപ ഒറ്റത്തവണ കേന്ദ്ര സഹായമായി അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ .73 10.09.09ൽ മറുപടിക്ക്

## വിഴിഞ്ഞം തുറമുഖ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. ജോസഫ് എം. പുതുശ്ശേരി<br>ശ്രീ. തോമസ് ചാഴികാടൻ | ശ്രീ. എം. വിജയകുമാർ<br>(നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| എ) | വിഴിഞ്ഞം തുറമുഖ പദ്ധതി ഏതു ഘട്ടം വരെയായി; ഇതിനുള്ള അടങ്കൽ തുകയെത്ര; | (എ), ബി, സി, ഡി, & ഇ) | M/s. Lanco Kondapally Power (Pvt.) Ltd. ലീഡ് മെമ്പറായ കൺസോർഷ്യത്തെ പദ്ധതി നടത്തിപ്പിനായി തെരഞ്ഞെടുത്ത് അവർക്ക് Letter of Indent നൽകിയിരുന്നു. എന്നാൽ അവർ പദ്ധതിയിൽ നിന്നും പിന്മാറിയതിനാലും യോഗ്യത നേടിയ രണ്ടാമത്തെയും മൂന്നാമത്തെയും കമ്പനികൾ പദ്ധതിയുമായി മുന്നോട്ടുപോകാൻ തയ്യാറാകാത്ത സാഹചര്യത്തിലും ഇപ്പോഴത്തെ ടെൻഡർ നടപടികൾ അവസാനിപ്പിക്കുവാൻ 28/8/09ൽ കൂടിയ മന്ത്രിസഭാ യോഗം തീരുമാനിക്കുകയുണ്ടായി. പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | നിർദ്ദിഷ്ട പദ്ധതിയിൽ എന്തൊക്കെ അടിസ്ഥാന സൗകര്യങ്ങളൊരുക്കുവാനാണ് ലക്ഷ്യമിടുന്നത്; | | |
| (സി) | പ്രസ്തുത പദ്ധതി അനിശ്ചിതത്തിലാണെന്ന വാർത്തകൾ ശരിയാണോ; എങ്കിൽ എന്തൊക്കെയാണ് ഇതിനുള്ള കാരണങ്ങൾ; | | |
| (ഡി) | പദ്ധതി പൂർത്തീകരണത്തോടെ ഏതൊക്കെ തരത്തിലുള്ള സൗകര്യങ്ങളാണ് ലക്ഷ്യമാക്കുന്നത്; | | |
| (ഇ) | പദ്ധതി എന്നു പൂർത്തീകരിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നംപർ 74 — 10.09.2009 ൽ മറുപടിക്ക്

### ജപ്പാൻ കുടിവെള്ള പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സി.എം. ദിനേശ് മണി<br>ശ്രീ. എ.എം.ആരിഫ്<br>ശ്രീ. ആർ. സെൽവരാജ്<br>ശ്രീ. എം. കെ. പുരുഷോത്തമൻ<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ | ശ്രീ. എൻ.കെ പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കുമോ ; | പദ്ധതി — പ്രവർത്തന പുരോഗതി (ശതമാനത്തിൽ)<br>തിരുവനന്തപുരം 61%<br>മീനാട് 66%<br>ചേർത്തല 64%<br>കോഴിക്കോട് 52%<br>പട്ടുവം 51% |
| ബി ഏതെല്ലാം കുടിവെള്ള പദ്ധതികളാണ് ജപ്പാൻ സഹായത്തോടെ നടന്നുവരുന്നത്; | ജപ്പാൻ സഹായത്തോടെ സംസ്ഥാനത്ത് അഞ്ച് ശുദ്ധജല വിതരണ പദ്ധതികളാണ് നടപ്പിലാക്കുന്നത്<br>1. തിരുവനന്തപുരം പദ്ധതി<br>2. കൊല്ലംജില്ലയിലെ മീനാട് പദ്ധതി<br>3. ആലപ്പുഴ ജില്ലയിലെ ചേർത്തല പദ്ധതി<br>4. കോഴിക്കോട് പദ്ധതി<br>5. കണ്ണൂർ ജില്ലയിലെ പട്ടുവം പദ്ധതി |
| സി ഓരോ കുടിവെള്ള പദ്ധതിക്കും ജെ.ബി.ഐ.സി. പദ്ധതിയിൽ അനുവദിച്ച തുക എത്രയെന്ന് വെളിപ്പെടുത്തുമോ; | പദ്ധതി — അംഗീകരിച്ച മതിപ്പ് ചെലവ് (കോടി രൂപയിൽ)<br>തിരുവനന്തപുരം 407.20<br>മീനാട് 295.60<br>ചേർത്തല 49.30<br>കോഴിക്കോട് 805.60<br>പട്ടുവം 392.20 |

- - - - - - - - - - -

(ഡി) ഓരോ പദ്ധതിയും സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ;

JICA സഹായത്തോടെയുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനാവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ചീഫ് എൻജിനീയർ, മാനേജിംഗ് ഡയറക്ടർ, കേരള ജല അതോറിറ്റി ബോർഡ് എന്നിവ കൂടാതെ സർക്കാർതലത്തിലും പദ്ധതിയുടെ പ്രവർത്തനങ്ങൾ നിരന്തരം വിലയിരുത്തുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു.

പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി വകുപ്പുമന്ത്രി തലവനായിട്ടുള്ള കോ ഓർഡിനേഷൻ കമ്മിറ്റി, ചീഫ് സെക്രട്ടറി ചെയർമാനായി എംപവേർഡ് കമ്മിറ്റി, ഫണ്ട് റിലീസ് കമ്മിറ്റി എന്നിവ നിലവിലുണ്ട്. ജില്ലാ തലങ്ങളിൽ കോ ഓർഡിനേഷൻ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

(ഇ) ഓരോ പദ്ധതിയും കമ്മീഷൻ ചെയ്യുന്ന തീയതി വെളിപ്പെടുത്തുമോ ?

| പദ്ധതി | കമ്മീഷൻ ചെയ്യുന്നതിന് പ്രതീക്ഷിക്കുന്ന തീയതി |
|---|---|
| തിരുവനന്തപുരം പദ്ധതി | 30.11.2009 (ഭാഗികം)<br>30.06.2010(മുഴുവൻ) |
| മീനാട് പദ്ധതി | 31.11.2009 (ഭാഗികം)<br>30.06.2010(മുഴുവൻ) |
| ചേർത്തല പദ്ധതി | 31.05,.2010(മുഴുവൻ) |
| കോഴിക്കോട് പദ്ധതി | 31.12.2010 (മുഴുവൻ) |
| പട്ടുവം പദ്ധതി | 31.03.2010 (ഭാഗികം)<br>31.12.2010 (മുഴുവൻ) |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 75 | 10.09.2009 ൽ മറുപടിക്ക് |

## പന്നിപ്പനി പ്രതിരോധത്തിനായി സ്വീകരിച്ച നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.പി.അബ്ദുള്ളക്കുട്ടി :<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ:<br>ശ്രീ.കെ.സി.കുഞ്ഞിരാമൻ:<br>ശ്രീ.ജോർജ്ജ് എം.തോമസ്:<br>ശ്രീ.വി.ശശികുമാർ : | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും<br>വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് പന്നിപ്പനി പ്രതിരോധത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | എ) | സംസ്ഥാനത്തെ മൂന്ന് ഇന്റർനാഷണൽ എയർപോർട്ടുകളിൽ പന്നിപ്പനി ബാധിത രാജ്യങ്ങളിൽ നിന്നെത്തുന്ന യാത്രക്കാരെയും, പിന്നീട് മുഴുവൻ വിദേശ യാത്രക്കാരെയും പന്നിപ്പനി ബാധയുണ്ടോയെന്ന് പരിശോധിക്കുന്നതിലേക്ക് 24 മണിക്കൂറും പ്രവർത്തിക്കുന്ന സ്ക്രീനിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സംശയം തോന്നുന്ന രോഗികളുടെ തൊണ്ടയിലെ സ്രവം ഡൽഹിയി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്മ്യൂണിക്കബി ഡിസീസ് - ൽ പരിശോധനക്കായി അയക്കുക രോഗബാധിതരെന്ന് സംശയമുള്ളവരെ തിരുവനന്തപുരത്തെ ജനറൽ ആശുപത്രിയി പെരുമ്പാവൂർ താലൂക്കാശുപത്രിയിലും, കോഴിക്കോട് ബീച്ച് ആശുപത്രിയിലും ഇതിന പ്രത്യേകം സജ്ജീകരിച്ച ഐസൊലേഷൻ / ക്വാറന്റയിൻ വാർഡുകളിൽ പ്രവേശിപ്പിച്ച് ചികിത്സ നല്കുകയും ചെയ്യുന്നുണ്ട്. ഐസൊലേഷൻ ചികിത്സാ സൗകര്യങ്ങൾ, പിന്നീട് തിരൂരങ്ങാടി താലൂക്ക് ആശുപത്രിയി ആലുവാ താലൂക്കാശുപത്രിയിലും കൂടി ആരംഭിക്കുകയുണ്ടായി. ആഗസ്റ്റ് ആദ്യവാര രാജ്യത്ത് ആദ്യമായി പന്നിപ്പനി മരണം റിപ്പോർട്ട് ചെയ്തതിനെ തുടർന്ന്, സംസ്ഥാന എച്ച്1 എൻ1 പ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതപ്പെടുത്തുകയുണ്ടായി. സംസ്ഥാന ചീഫ് സെക്രട്ടറിയുടെ നേതൃത്വ പ്രതിരോധ പ്രവർത്തനങ്ങൾക്ക് മേൽനോട്ട നടത്തി വരുന്നു. സംസ്ഥാനതലത്തിലും ജില്ലാ മെഡിക്കൽ ഓഫീസുകളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകളും |

| | | | |
|---|---|---|---|
| | | | കാൻസർ സെന്ററുകളും പ്രവർത്തനമാരംഭിക്കുകയും, തുടർന്നു വരുകയും ചെയ്യുന്നു. സംസ്ഥാനത്ത് കൂടുതലായി എച്ച്1 എൻ1 ഇൻഫ്ളുവൻസ റിപ്പോർട്ടു ചെയ്യാൻ തുടങ്ങിയതിനാൽ ടെസ്റ്റിംഗ് സൗകര്യങ്ങളോടു കൂടിയ ചികിത്സാ സൗകര്യങ്ങൾ എല്ലാ ജില്ലകളിലും ആരംഭിക്കുകയുണ്ടായി. ഇതിനു പുറമെ 141 ആശുപത്രികൾ സ്ക്രീനിംഗ് കേന്ദ്രങ്ങളായും പ്രവർത്തിച്ചുവരുന്നു. തീവ്രപരിചരണം ആവശ്യമായി വരുന്ന രോഗികൾക്കു വേണ്ടി വിവിധ ജില്ലകളിലായി 27 ടെർഷ്യറികെയർ ആശുപത്രികളും തിരഞ്ഞെടുത്തിട്ടുണ്ട്. എച്ച്1 എൻ1 പരിശോധനാ സൗകര്യം ആരംഭത്തിൽ എൻ.ഐ.സി.ഡി,ഡൽഹിയിലും , എൻ.ഐ.വി പൂനെയിലും മാത്രമെ ലഭ്യമായിരുന്നുള്ളു എന്നത് പരിശോധനാഫലം വൈകുന്നതിന് ഇടയാക്കിയിരുന്നു. പിന്നീട് മണിപ്പാലിലെ കെ.എം.സി ആശുപത്രിയിലും, അതിനു ശേഷം സംസ്ഥാന സർക്കാരിന്റെ ശ്രമഫലമായി തിരുവനന്തപുരത്തെ രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയിലും ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്. ആയതിനാൽ പരിശോധനാഫലങ്ങൾ 24 മണിക്കൂർ മുതൽ - 48 മണിക്കൂറിനുള്ളിൽ ലഭ്യമായി വരുന്നു. എച്ച്1 എൻ1 ചികിത്സക്കാവശ്യമായ ഓസൽട്ടാമിവർ ഗുളികകൾ കേന്ദ്ര ഗവൺമെന്റിന്റെ ആരോഗ്യ കേന്ദ്രമന്ത്രാലയം വഴി ലഭ്യമാക്കി വരുന്നുണ്ട്. ഇതിനകം 178000-ഓളം ഗുളികകൾ സംസ്ഥാനത്ത് ലഭിച്ചിട്ടുണ്ട്.<br><br>രോഗചികിത്സക്കാവശ്യമായി വരുന്ന പ്രത്യേകതരം മാസ്ക്കുകളും, പേഴ്സണൽ പ്രൊട്ടക്ഷൻ എക്യുപ്മെന്റ്സും പരിശോധ സ്രവങ്ങൾ അയക്കുന്നതിനുള്ള വൈറൽ ട്രാൻസ്പോർട്ട് മീഡിയവും ദേശീയ തലത്തിൽ നിന്ന് നേരിട്ടും, റീജിയണൽ ഡയറക്ടർ വഴിയും ലഭ്യമാക്കി വരുന്നുണ്ട്. ഇതിനു പുറമെ , അധികമായി വേണ്ടി വരുന്ന മാസ്ക്കുകളും മറ്റും എൻ.ആർ.എച്ച്.എം - വഴി സംസ്ഥാന തലത്തിൽ വാങ്ങി ലഭ്യമാക്കുന്നുണ്ട്. കൂടാതെ വൈറൽ ട്രാൻസ്പോർട്ട് മീഡിയം ഇപ്പോൾ തിരുവനന്തപുരത്തെ സ്റ്റേറ്റ് പബ്ളിക് ഹെൽത്ത് ലബോറട്ടറി യിൽ തയ്യാറാക്കി ജില്ലകളിലേക്ക് വിതരണം നടത്തി വരുന്നു. |

| | | | |
|---|---|---|---|
| | | | ഇൻഫ്ലുവൻസ എ രോഗത്തെ ട്രാവൻകൂർ - കൊച്ചിൻ പബ്ലിക് ഹെൽത്തിന്റെയും മദ്രാസ് പബ്ലിക് ഹെൽത്ത് ആക്ടിന്റെയും അടിസ്ഥാനത്തിൽ നോട്ടിഫൈഡ് സാംക്രമിക രോഗമായും വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>ടെർഷ്യറി കെയർ കേന്ദ്രങ്ങളായി പ്രവർത്തിക്കുന്ന ജില്ലാ / ജനറൽ /താലൂക്ക് ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ എന്നിവിടങ്ങളിലേക്ക് ആവശ്യമായ വെന്റിലേറ്ററുകൾ,സക്ഷൻ അപ്പാരറ്റസുകൾ തുടങ്ങിയവ വാങ്ങി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.<br>കൂടാതെ സ്കൂൾ /കോളേജ് തലത്തിൽ എച്ച്1 എൻ1 രോഗത്തിനെതിരായുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തി വരുന്നുണ്ട്. |
| ബി) | സംസ്ഥാനത്ത് എത്ര ആശുപത്രികളിൽ പന്നിപ്പനിക്കുള്ള പ്രത്യേക ചികിത്സാ സൗകര്യം ഏർപ്പെടുത്തി എന്ന് വെളിപ്പെടുത്തുമോ; | ബി) | സംസ്ഥാനത്ത് 14 ജില്ലകളിലുമായി 29 ആശുപത്രികളിൽ പന്നിപ്പനിക്കായിട്ടുള്ള ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. |
| സി) | രോഗനിർണ്ണയത്തിന് സംസ്ഥാനത്ത് നിലവിലുള്ള സംവിധാനം എന്താണ്; സംസ്ഥാനത്ത് എത്രപേർക്ക് രോഗം സ്ഥിരീകരിച്ചു എന്ന് വെളിപ്പെടുത്തുമോ; | സി) | സാമ്പിൾ പരിശോധനാ സൗകര്യമുള്ള ആശുപത്രികളിൽ വെച്ച് പരിശോധനക്കെടുക്കുന്ന രോഗിയുടെ സ്രവം ആദ്യം ഡൽഹിയിലെ എൻ.ഐ.സി.ഡി യിൽ അയച്ച് ടെസ്റ്റ് ചെയ്തു വരികയായിരുന്നു. ഇപ്പോൾ സംസ്ഥാനത്തെ വടക്കൻ ജില്ലകളിൽ നിന്നും മണിപ്പാലിലെ കെ.എം.സി ആശുപത്രിയിലേക്കും, തെക്കൻ ജില്ലകളിൽ നിന്നും തിരുവനന്തപുരത്തെ രാജീവ് ഗാന്ധി സെന്റർ ഫോർ ബയോ ടെക്നോളജിയിലും അയച്ചു ടെസ്റ്റ് ചെയ്തു വരുന്നു. സംസ്ഥാനത്ത് സെപ്റ്റംബർ 6 വരെ 256 പേർക്ക് രോഗം സ്ഥിരീകരിച്ചിട്ടുണ്ട്. |
| ഡി) | രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനും രോഗബാധിതർക്ക് മെച്ചപ്പെട്ട വൈദ്യസഹായം ലഭ്യമാക്കുന്നതിനുമായി എത്ര കോടി രൂപ പ്രത്യേക സഹായമായി അനുവദിച്ചു എന്ന് അറിയിക്കുമോ; ഇതിനായി കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ; | ഡി) | എച്ച്1 എൻ1 രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്കായി സംസ്ഥാന സർക്കാർ പ്രത്യേകമായി 2 കോടി രൂപ ഇതിനകം അനുവദിച്ചിട്ടുണ്ട്. കൂടാതെ ഐ.ഡി.എസ്.പി വഴി 17 ലക്ഷം രൂപ വിവിധ ജില്ലകൾക്കായി അനുവദിച്ചിട്ടുണ്ട്. എൻ.ആർ.എച്ച്.എം. വഴിയും സംസ്ഥാന ബഡ്ജറ്റ് വിഹിതം വഴിയും ആശുപത്രികളിലേക്ക് ആവശ്യമായ വെന്റിലേറ്ററുകളും മറ്റ് ഉപകരണങ്ങളും വാങ്ങുവാനുള്ള നടപടികളും നടന്നു വരുന്നു. കേന്ദ്ര സഹായമായി ഒസൽട്ടാമീവർ ഗുളികകളും മാസ്കുകളും ലഭിച്ച് വരുന്നുണ്ട്. സാമ്പത്തിക സഹായമൊന്നും ലഭിച്ചിട്ടില്ല. |

| | | |
|---|---|---|
| പന്നിപ്പനി ബാധ ഉള്ളതായി സംശയിക്കപ്പെടുന്നവരെയും രോഗ ബാധിത സ്ഥലങ്ങളിൽ നിന്നും വരുന്നവരെയും പ്രത്യേകം നിരീക്ഷിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ? | ഇ) | പ്രസ്തുത സംവിധാനങ്ങൾ ഇപ്പോൾ തന്നെ നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### പന്ത്രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 76 | | 10.09.2009-ൽ മറുപടിയ്ക്ക് |
|---|---|---|
| **വിവാഹമോചന കേസുകളുടെ എണ്ണത്തിലുള്ള വർദ്ധന** | | |
| ചോദ്യം | | ഉത്തരം |
| **ശ്രീ. സി.എച്ച്. കുഞ്ഞമ്പു<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>ശ്രീമതി.പി. അയിഷാ പോറ്റി<br>ശ്രീ. എം.എം. മോനായി<br>ശ്രീ. പി.ടി.എ. റഹിം** | | **ശ്രീമതി. പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)** |
| (എ) | സംസ്ഥാനത്തെ കോടതികളിൽ വിവാഹ മോചന കേസുകൾ ഗണ്യമായി വർദ്ധിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും: സംസ്ഥാനത്തെ കോടതികളിൽ വിവാഹമോചന കേസുകൾ ഗണ്യമായി വർദ്ധിച്ചിട്ടുള്ളതായി സംസ്ഥാന വനിതാ കമ്മീഷൻ നടത്തിയ പഠനങ്ങളിൽ നിന്നും വ്യക്തമായിട്ടുണ്ട്. കുടുംബ ബന്ധങ്ങളിലുണ്ടായിട്ടുള്ള അപചയം, സാമൂഹ്യ സാമ്പത്തിക പ്രശ്നങ്ങൾ, കൂട്ടുകുടുംബത്തിൽ നിന്നും അണു കുടുംബത്തിലേക്കുള്ള മാറ്റം, സ്ത്രീധന പ്രശ്നങ്ങൾ, വർദ്ധിച്ചുവരുന്ന മദ്യാസക്തി, വർദ്ധിച്ചു വരുന്ന ലൈംഗിക വൈകൃതങ്ങൾ, സ്വഭാവവൈപരീത്യം എന്നിവയാണ് വിവാഹമോചനം വർദ്ധിക്കാനിടയാക്കുന്ന സാഹചര്യങ്ങളായി പറഞ്ഞിട്ടുള്ളത്. |
| (ബി) | എങ്കിൽ ഇതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; | |
| (സി) | കുടുംബ കോടതികൾ മുമ്പാകെ ഇപ്പോൾ എത്ര വിവാഹമോചന കേസുകൾ നിലവിലുണ്ടെന്ന് അറിയിക്കുമോ; | (സി) വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| (ഡി) | ഗാർഹിക പീഡന നിയമം നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ഡി) 1) ഗാർഹിക പീഡന നിരോധന നിയമം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുവേണ്ടി 30.04.2007-ലെ സ.ഉ.(പി) നം. 21/2007/സാക്ഷേവ പ്രകാരം 31 പ്രൊബേഷൻ ഓഫീസർമാർക്ക് പ്രൊട്ടക്ഷൻ ഓഫീസർമാരുടെ ചുമതല നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| | | 2) 15 സാമൂഹ്യക്ഷേമ സ്ഥാപനങ്ങളേയും 9 സന്നദ്ധ സംഘടനകളുടെ സ്ഥാപനങ്ങളേയും ഷെൽട്ടർ ഹോമുകളായി പ്രഖ്യാപിച്ചിട്ടുണ്ട്.<br>3) ഷെൽട്ടർ ഹോമുകളായി പ്രഖ്യാപിച്ചിട്ടുള്ള ക്ഷേമ സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തിയിട്ടുണ്ട്.<br>4) സേവനദാതാക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള സെലക്ഷൻ കമ്മിറ്റി 29.06.2007-ലെ സ.ഉ.(സാധാ) നം.338/2007/സാക്ഷേവ പ്രകാരം രൂപീകരിക്കുകയുണ്ടായി. ടി സെലക്ഷൻ കമ്മിറ്റി 80 എൻ.ജി.ഒ. കളെ സേവനദാതാക്കളായി അംഗീകരിക്കുകയും ടി സംഘടനകൾ ഗാർഹിക പീഡന നിരോധന നിയമം അനുസരിച്ചുള്ള പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുകയും ചെയ്യുന്നുണ്ട്.<br>5) സംസ്ഥാനതലത്തിലും ജില്ലാതലങ്ങളിലും കോ-ഓർഡിനേഷൻ ആന്റ് മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.<br>6) സംസ്ഥാനത്തെ എല്ലാ ജില്ലാ/താലൂക്ക് ആശുപത്രികളേയും മെഡിക്കൽ ഫെസിലിറ്റിയായി 30.11.2007-ലെ സ.ഉ.(പി) നം.86/2007/സാക്ഷേവ പ്രകാരം നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്.<br>7) ഗാർഹിക പീഡന നിരോധന നിയമം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് എല്ലാ സ്റ്റേക്ക്ഹോൾഡർമാർക്കും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ ഐ.എം.ജികൾ മുഖേന ട്രെയിനിംഗ് നൽകുകയുണ്ടായി.<br>8) ഗാർഹിക പീഡനത്തിന് ഇരയാകുന്നവർക്ക് അഭയം, സൗജന്യ നിയമസഹായം, വൈദ്യ സഹായം, ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ സേവനം എന്നിവ ഉറപ്പാക്കിയിട്ടുണ്ട്. കേരള സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റിയുടേയും കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡിന്റെയും സഹായത്തോടെ സൗജന്യ നിയമസഹായവും ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ സേവനവും ലഭ്യമാക്കുന്നുണ്ട്. |

| | | |
|---|---|---|
| | | 9) ഗാർഹിക പീഡന നിരോധന നിയമത്തെക്കുറിച്ച് ജനങ്ങളിൽ അവബോധം വരുത്തുന്നതിനായി "സ്ത്രീയും നിയമവും", "ഗാർഹികാതിക്രമങ്ങളിൽ നിന്നും വനിതകളെ സംരക്ഷിക്കുന്ന നിയമവും ചട്ടങ്ങളും അനുബന്ധ ഉത്തരവുകളും" എന്നീ പുസ്തകങ്ങൾ അച്ചടിപ്പിക്കുകയും അവ എല്ലാ ജില്ലാ സാമൂഹ്യക്ഷേമ ഓഫീസുകളിലും എത്തിക്കുകയും ചെയ്തിട്ടുണ്ട്.<br>10) മീഡിയാ വഴിയുള്ള പ്രചാരണാർത്ഥം ആകാശവാണിയിൽ "വയലും വീടും" പരിപാടിയിൽ ഗാർഹിക പീഡന നിരോധന നിയമത്തെക്കുറിച്ചുള്ള ഡോക്യുമെന്ററി എല്ലാ ആഴ്ചയിലും പ്രക്ഷേപണം ചെയ്യുന്നുണ്ട്.<br>11) ദൂരദർശനിലൂടെ ഹ്രസ്വചിത്രങ്ങളും ഡോക്യുമെന്ററിയും പ്രദർശിപ്പിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി കേരള സംസ്ഥാന ഫിലിം ഡവലപ്മെന്റ് കോർപ്പറേഷനുമായി ബന്ധപ്പെട്ട് ഹ്രസ്വചിത്രങ്ങളും ഡോക്യുമെന്ററികളും നിർമ്മിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. അവ അവസാന ഘട്ടത്തിലാണ്.<br>12) 14 വനിതാ പ്രൊട്ടക്ഷൻ ഓഫീസർമാരുടെ സ്ഥിരം തസ്തിക സൃഷ്ടിച്ചു. ഓരോ ജില്ലയിലും ഓരോ വനിതാ പ്രൊട്ടക്ഷൻ ഓഫീസറെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഇ) | ഗാർഹിക പീഡനവും തുടർന്നുള്ള വിവാഹമോചനവും തടയുന്നതിന് എല്ലാ ജില്ലകളിലും വിമൻ പ്രൊട്ടക്ഷൻ ഓഫീസർമാരുടെ സേവനം പ്രയോജനപ്പെടുത്തുമോ? | (ഇ) ഗാർഹിക പീഡനവും തുടർന്നുള്ള വിവാഹമോചനവും തടയുന്നതിന് എല്ലാ ജില്ലകളിലും വിമൻ പ്രൊട്ടക്ഷൻ ഓഫീസറുടെ സേവനം പ്രയോജനപ്പെടുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### പന്ത്രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 77 | | 10.09.2009-ൽ മറുപടിയ്ക്ക് |
|---|---|---|
| **അങ്കണവാടി ജീവനക്കാരുടെ പെൻഷൻ പ്രായം** | | |
| ചോദ്യം | | ഉത്തരം |
| **ശ്രീ. കെ.കെ. ഷാജു<br>ശ്രീ. തോമസ് ചാണ്ടി<br>ശ്രീ. കെ.ബി. ഗണേഷ് കുമാർ** | | **ശ്രീമതി. പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)** |
| (എ) | അങ്കണവാടി ജീവനക്കാരുടെ പെൻഷൻ പ്രായം ഏത് ഉത്തരവ് പ്രകാരമാണ് നിജപ്പെടുത്തിയതെന്ന് വ്യക്തമാക്കുമോ; | (എ) കേന്ദ്ര സർക്കാരിലെ വനിതാ ശിശുക്ഷേമ മന്ത്രാലയത്തിന്റെ 16.12.2004-ലെ ഉത്തരവ് നമ്പർ 1-3/2004-സിഡി-1 പ്രകാരം അംഗൻവാടി ജീവനക്കാരുടെ പെൻഷൻ പ്രായം നിശ്ചയിക്കുന്നതിന് സംസ്ഥാന സർക്കാരിന് അനുവാദം നൽകിയിട്ടുണ്ട്. 07.08.2009 തീയതിയിലെ സ.ഉ.(എം.എസ്) നം. 31/2009/സാക്ഷേവ പ്രകാരം അങ്കണവാടി ജീവനക്കാരുടെ പെൻഷൻ പ്രായം 60 ആയി നിശ്ചയിച്ചിട്ടുണ്ട്. |
| (ബി) | ഐ.സി.ഡി.എസ്. കേന്ദ്രാവിഷ്കൃത പദ്ധതിയായതിനാൽ കേരള സർക്കാർ അങ്കണവാടി ജീവനക്കാർക്കായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പെൻഷൻ പദ്ധതി കേന്ദ്രസർക്കാരുമായി കൂടിയാലോചിച്ചാണോ നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) അല്ല. ഇതു സംസ്ഥാന സർക്കാരിന്റെ പദ്ധതിയായതിനാൽ കൂടിയാലോചിക്കേണ്ട ആവശ്യമില്ല. |
| (സി) | പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതിനു മുമ്പ് ജീവനക്കാരുടെ സംഘടനകളുമായി ചർച്ച നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (സി) ഉണ്ട്. അംഗൻവാടി ക്ഷേമനിധി ചട്ടപ്രകാരം അംഗൻവാടി പ്രവർത്തകരുടെ പ്രതിനിധികൾ ഉൾപ്പെട്ട സംസ്ഥാന, ജില്ലാ അവലോകന സമിതിയുടെ സംയുക്ത യോഗം 8.06.2009ന് കൂടി, പെൻഷൻ ഉൾപ്പെടെയുള്ള വിഷയങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്. |

| | | |
|---|---|---|
| (ഡി) | ജീവിത വിലസൂചികകൾ ക്രമാതീതമാംവണ്ണം വർദ്ധിച്ചിട്ടുള്ള ഇക്കാലത്ത് അങ്കണവാടി ജീവനക്കാർക്ക് കുറഞ്ഞ പെൻഷൻ 1,000 രൂപയായി എങ്കിലും ഉയർത്തുന്ന കാര്യം പരിഗണിക്കുമോ? | (ഡി) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 78 — 10..09..2009 - ൽ മറുപടിക്ക്

### ഇൻഡസ്ട്രി ഫെസിലിറ്റേഷൻ കൗൺസിൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. എസ്. സുനിൽ കുമാർ;<br>ശ്രീ. ബാബു പോൾ;<br>ശ്രീ. എ. കെ. ചന്ദ്രൻ;<br>ശ്രീ. പള്ളിപ്രം ബാലൻ; | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ഇപ്പോൾ ഇൻഡസ്ട്രി ഫെസിലിറ്റേഷൻ കൗൺസിൽ പ്രവർത്തിക്കുന്നുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ഉണ്ടെങ്കിൽ ഈ കൗൺസിലിന് നിയമപരമായ എന്തെല്ലാം അധികാരങ്ങളാണ് നൽകിയിട്ടുള്ളതെന്നു വ്യക്തമാക്കുമോ? | (ബി) 25/01/2007-ലെ ജി.ഒ.(പി)11/07/വ്യവ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ചെറുകിട വ്യവസായ സ്ഥാപനങ്ങളുടെ ഉത്പന്നങ്ങൾ വിപണനം നടത്തിക്കഴിഞ്ഞ് വില യഥാസമയം ലഭിക്കാതെ കാലതാമസം വരികയാണെങ്കിൽ ഇരുകൂട്ടരെയും വിളിച്ചു വരുത്തി തർക്കം പരിഹരിക്കുന്നതിനാവശ്യമായ മദ്ധ്യസ്ഥ നടപടികൾ സ്വീകരിക്കുന്നതിനും ഒത്തുതീർപ്പു വ്യവസ്ഥ ലംഘിക്കുന്ന കേസുകളിൽ ഒരു ആർബിട്രേറ്റർ ആയി പ്രവർത്തിക്കുന്നതിനും പലിശ സഹിതം തുക നിശ്ചയിക്കുന്നതിനും വസൂലാക്കാനുള്ള നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുവാൻ ടി കൗൺസിലിന് നിയമപരമായി സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : 79      10.09. 2009 -ൽ മറുപടിക്ക്

## അണക്കെട്ടുകളിൽ നിന്ന് മണൽ നീക്കം ചെയ്യുന്ന നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ജെ. തങ്കപ്പൻ,<br>ശ്രീ.എം.ഹംസ,<br>ശ്രീ.ബി.ഡി.ദേവസ്സി,<br>ശ്രീ.എസ്.രാജേന്ദ്രൻ,<br>ശ്രീ.എ.സി മൊയ്തീൻ | ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ) അണക്കെട്ടുകൾക്ക് ബലക്ഷയമുണ്ടാകാതെയും പരിസ്ഥിതിക്ക് ആഘാതങ്ങൾ പരമാവധി കുറച്ചും സംസ്ഥാനത്തെ അണക്കെട്ടുകളിൽ നിന്നും മണൽ നീക്കം ചെയ്യുന്നതു സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ;<br><br>ബി) എങ്കിൽ പഠനറിപ്പോർട്ടിലെ കണ്ടെത്തലുകളും ശുപാർശകളും എന്തെല്ലാമാണ്; | എ)&ബി) ജലസംഭരണികളിൽ നിന്നും എക്കൽ നീക്കുന്നത് ഒരു പൊതുനയമായി സ്വീകരിച്ച് ഇതുമായി ബന്ധപ്പെട്ട പാരിസ്ഥിതിക സാങ്കേതിക സാമൂഹ്യ പഠനം നടത്തുവാൻ ജലവിഭവ അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായും ഡയറക്ടർ സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആന്റ് മാനേജ്മെന്റ് കൺവീനറായും ഒരു 13 അംഗവിദഗ്ദ്ധ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. മലമ്പുഴ ജലസംഭരണിയെ പൈലറ്റ് പദ്ധതിയായി തെരഞ്ഞെടുക്കുകയും മലമ്പുഴയിൽ നിന്നും എക്കൽ നീക്കുന്നതുമായി ബന്ധപ്പെട്ട എൻവയൺമെന്റ് മാനേജ്മെന്റ് പ്ലാൻ (EMP), CESS(Center for Earth Science Studies) KFRI(Kerala Forest Research Institute) CWRDM എന്നീ സ്ഥാപനങ്ങളുടെ പഠനത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കമ്മിറ്റിയുടെ പരിഗണനയ്ക്കായി തയ്യാറാക്കി വരുകയും ചെയ്യുന്നു. |
| സി) മലമ്പുഴ ഡാമിലെ മണൽ നീക്കം ചെയ്യുന്നതിനുള്ള ആഗോള ടെൻഡറിൽ എത്ര കമ്പനികൾ പങ്കെടുത്തു; ടെൻഡർ നടപടികളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ്; | സി) നാല് കമ്പനികൾ; താല്പര്യപത്രം കമ്മിറ്റി പരിശോധിച്ചു വരുന്നു. |

| | | | |
|---|---|---|---|
| ഡി) | മണൽ നീക്കം ചെയ്യുമ്പോൾ ഡാമിന്റെ സുരക്ഷ ഉറപ്പു വരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | ഡി) | മലമ്പുഴ ജലസംഭരണിയിൽ നിന്നും എക്കൽ നീക്കുന്നതുമായി ബന്ധപ്പെട്ടു എൻവയൺമെന്റ് മാനേജ്മെന്റ് പ്ലാൻ (EMP), CESS(Center for Earth Science Studies) KFRI(Kerala Forest Research Institute) CWRDM(Center for Water Resources Development and Management) എന്നീ സ്ഥാപനങ്ങളുടെ പഠനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കി വരുന്നു. പ്രസ്തുത പഠന റിപ്പോർട്ട് വിദഗ്ദ്ധ കമ്മിറ്റി പരിശോധിച്ചശേഷം ഡാമിന്റെ സുരക്ഷ ഉറപ്പുവരുത്തി മാത്രമേ മണൽ നീക്കം ചെയ്യുന്നതിനുള്ള മേൽ നടപടികൾ സ്വീകരിക്കുകയുള്ളു. |

Mary Joseph

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നംപർ: 80 — 10-09-2009 ൽ മറുപടിക്ക്

## കഞ്ചിക്കോട് റയിൽവേ കോച്ച് ഫാക്ടറി

| ചോദ്യം<br>ശ്രീ.യു.സി.രാമൻ :<br>ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി : | ഉത്തരം<br>ശ്രീ. എം.വിജയകുമാർ<br>(നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി) |
|---|---|
| (എ). കഞ്ചിക്കോട് റയിൽവേ കോച്ച് ഫാക്ടറി സ്ഥാപിക്കുന്നതിന് കേന്ദ്ര ആസൂത്രണക്കമ്മീഷൻ അനുമതി നൽകിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ). ഉണ്ട്. |
| (ബി). ഈ കോച്ച് ഫാക്ടറി സ്ഥാപിക്കാൻ ആവശ്യമായ സ്ഥലം എത്രയാണ് ;<br><br>(സി). ഇതിനുവേണ്ടി സ്ഥലം അക്വയർ ചെയ്ത് കൈമാറാനുള്ള നടപടികൾ ഇപ്പോൾ ഏതുഘട്ടത്തിലാണ് എന്നും അവ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ ? | (ബി). യും (സി) യും.<br>റെയിൽകോച്ച് ഫാക്ടറി സ്ഥാപിക്കുന്നതിനായി 900 ഏക്കർ സ്ഥലം സൗജന്യമായി ഏറ്റെടുത്തു നൽകുന്നതിനായി 06.10.2009-ലെ സ.ഉ.(എം.എസ്).40/2008/ ഗതാ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിൻ പ്രകാരം സർവ്വെ ആന്റ് ബൗണ്ടറീസ് ആക്ട് പ്രകാരമുള്ള 6(1) വിജ്ഞാപനവും സ്ഥലമെടുപ്പ് നിയമപ്രകാരമുള്ള 4(1) വിജ്ഞാപനം ഗസറ്റിലും, പ്രാദേശിക പത്രങ്ങളിലും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. |

(ഒപ്പ്)
സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 81

10.09.2009-ൽ മറുപടിക്ക്.

## കേരള സംരംഭക നിധി

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ. സി. രവീന്ദ്രനാഥ് :<br>ശ്രീ. കെ.വി. കുഞ്ഞിരാമൻ :<br>ശ്രീ. പി. കൃഷ്ണപ്രസാദ് :<br>ശ്രീ. എം. പ്രകാശൻ മാസ്റ്റർ :<br>ശ്രീ. മഞ്ഞളാംകുഴി അലി : | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) കേരള സംരംഭക നിധി രൂപീകരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ; | (എ) കേരള സംരംഭക നിധി (Kerala Entrepreneurship Fund) രൂപീകരിക്കുന്നതിന്റെ മുന്നോടിയായി ദേശീയ തലത്തിൽ അംഗീകാരമുള്ള സാമ്പത്തിക കൺസൾട്ടൻസി ഏജൻസിയായ Credit Rating and Information Services of India Ltd. (ക്രിസിൽ) -നെകൊണ്ട് സാധ്യതാപഠനം നടത്തിയിട്ടുണ്ട്. |
| (ബി) ഈ ഫണ്ടിന്റെ നടത്തിപ്പിന്റെ ചുമതല ആർക്കാണ് ; | (ബി) കേരള സംരംഭക നിധി രൂപീകരിക്കുന്നതിനുള്ള നടപടികൾ കെ.എസ്.ഐ.ഡി.സി-യെയാണ് ഏൽപ്പിച്ചിരിക്കുന്നത്. |
| (സി) ഫണ്ടിലേക്ക് ഇതിനകം എത്ര കോടി രൂപയുടെ നിക്ഷേപം ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (സി) നൂറു കോടി രൂപയുടെ സംരംഭക നിധി രൂപീകരിക്കുവാനാണ് ബഡ്ജറ്റ് പ്രസംഗത്തിലൂടെ വ്യക്തമാക്കിയിരിക്കുന്നത്. |
| (ഡി) പുതുതായി എന്തെങ്കിലും സംരംഭക പദ്ധതികൾ വ്യവസായ വകുപ്പിന്റെ പരിഗണനക്ക് ലഭിച്ചിട്ടുണ്ടോ ; | (ഡി) ഇല്ല. |
| (ഇ) സംരംഭക നിധിയിൽ നിന്നും സഹായം നൽകുന്നതിനുള്ള നിബന്ധനകൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ? | (ഇ) സംരംഭക നിധിയിൽ നിന്നും ധനസഹായം നൽകുന്നതിനുള്ള നിബന്ധനകൾ തയ്യാറായി വരുന്നതേയുള്ളൂ. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 82 | 10.09.2009 ൽ മറുപടിക്ക് |

## മെഡിക്കൽ കോളേജ് ആശുപത്രികളിൽ കിടത്തി ചികിത്സിപ്പിക്കാനുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. ഉമ്മർ :<br>ശ്രീ.സി.ടി.അഹമ്മദ് അലി : | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തെ ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രികളിൽ കിടത്തി ചികിത്സിക്കുന്നവരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ; | | എ) & ബി)<br>സംസ്ഥാനത്തെ അഞ്ച് മെഡിക്കൽ കോളേജുകളിൽ കിടത്തി ചികിത്സിക്കുന്നതിന് 8021 കിടക്കകളാണ് നിലവിലുള്ളത്. എന്നാൽ 10,000 ത്തോളം രോഗികളെ കിടത്തി ചികിത്സിക്കേണ്ടി വരുന്നുണ്ട്. |
| ബി) | എത്രപേരെ കിടത്തി ചികിത്സിപ്പിക്കാനുള്ള സൗകര്യങ്ങളാണ് യഥാർത്ഥത്തിൽ നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; | | |
| സി) | സ്ഥലദൗർലഭ്യവും ചികിത്സാ സൗകര്യക്കുറവും പരിഹരിക്കുന്നതിനായി പുതിയ വാർഡുകൾ നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടിയെടുത്തിട്ടുണ്ട്; | സി) | എല്ലാ മെഡിക്കൽ കോളേജുകളിലും പുതിയ വാർഡുകളുടെയും ബ്ലോക്കുകളുടെയും നിർമ്മാണ പ്രവർത്തനങ്ങളും നവീകരണ പ്രവർത്തനങ്ങളും നടന്നുവരുന്നു. |
| ഡി) | ഇത് എന്നത്തേക്ക് പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ? | ഡി) | കോഴിക്കോട് മെഡിക്കൽ കോളേജിലെ സൂപ്പർസ്പെഷ്യാലിറ്റി ബ്ലോക്ക് പണി പൂർത്തിയാക്കിയിട്ടുണ്ട്. മറ്റ് മെഡിക്കൽ കോളേജുകളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. പൊതുമരാമത്ത് വകുപ്പ് പണിപൂർത്തിയാക്കി നൽകുന്ന മുറയ്ക്ക് ഇവ പ്രവർത്തനസജ്ജമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 83 — 10.09.2009-ൽ മറുപടിക്ക്

**ഭക്ഷണപദാർത്ഥങ്ങളിൽ നിറം ചേർക്കുന്ന നടപടി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എ.എ.അസീസ്: | | ശ്രീമതി.പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | ഭക്ഷണ സാധനങ്ങളിൽ മായം ചേർക്കുന്നത് കണ്ടുപിടിക്കാനും, തടയുവാനും എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | ബേക്കറി സാധനങ്ങൾ ഉൾപ്പെടെയുള്ള ഭക്ഷണ പദാർത്ഥങ്ങളിലെ മായം തടയുന്നതിന് എല്ലാ ജില്ലകളിലും പരിശോധനാ സംവിധാനം നിലവിലുണ്ട്. കൂടാതെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ ചീഫ് ഫുഡ് ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിൽ മൊബൈൽ വിജിലൻസ് സ്ക്വാഡുകൾ പ്രവർത്തിക്കുന്നു. ജില്ലാ ഫുഡ് ഇൻസ്പെക്ടർമാരുടെ മേൽനോട്ടത്തിൽ താലൂക്ക് തലത്തിലും മുനിസിപ്പൽ/ കോർപ്പറേഷൻ തലത്തിലും ഫുഡ് ഇൻസ്പെക്ടർമാർ ഭക്ഷ്യോൽപാദന വിതരണ കേന്ദ്രങ്ങൾ പരിശോധിച്ച് സാമ്പിളുകൾ ശേഖരിച്ച് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന റീജിയണൽ അനലറ്റിക്കൽ ലബോറട്ടറികളിൽ പരിശോധനക്കായി അയക്കുന്നു. മായം ചേർത്തതോ ഗുണനിലവാരമില്ലാത്തതോ ആയ ഭക്ഷണ വസ്തുക്കൾ ശ്രദ്ധയിൽപ്പെടുന്ന പക്ഷം ഉൽപാദക വിതരണക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | അനുവദനീയമല്ലാത്ത നിറങ്ങൾ ഭക്ഷണ പദാർത്ഥങ്ങളിൽ ചേർത്ത് കാഴ്ചയ്ക്ക് ആകർഷകമാക്കുന്നത് മായം കലർത്തലിൽ പെടുമോ; | (ബി) | ഭക്ഷ്യ മായം ചേർക്കൽ നിരോധന നിയമപ്രകാരം അനുവദനീയമല്ലാത്ത നിറങ്ങൾ ഭക്ഷണ പദാർത്ഥങ്ങളിൽ ചേർത്ത് കാഴ്ചക്ക് ആകർഷകമാക്കുന്നത് മായം കലർത്തലിൽ പെടും |

| | | | |
|---|---|---|---|
| | എങ്കിൽ മധുര പലഹാരങ്ങളിൽ ഇത്തരം നിറങ്ങൾ ചേർക്കുന്നത് പരിശോധിക്കുവാനും, നടപടി എടുക്കുവാനും എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ; | (സി) | ബേക്കറി സാധനങ്ങൾ ഉൾപ്പെടെയുള്ള ഭക്ഷ്യ പദാർത്ഥങ്ങളിലെ മായം തടയുന്നതിന് എല്ലാ ജില്ലകളിലും പരിശോധനാ സംവിധാനം നിലവിലുണ്ട്. കൂടാതെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ ചീഫ് ഫുഡ് ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിൽ മൊബൈൽ വിജിലൻസ് സ്ക്വാഡുകൾ പ്രവർത്തിച്ച് വരുന്നു. ജില്ലാ ഫുഡ് ഇൻസ്പെക്ടർമാരുടെ മേൽനോട്ടത്തിൽ താലൂക്ക് തലത്തിലും മുനിസിപ്പൽ/ കോർപ്പറേഷൻ തലത്തിലും ഫുഡ് ഇൻസ്പെക്ടർമാർ ഭക്ഷ്യോത്പാദന വിതരണ കേന്ദ്രങ്ങൾ പരിശോധിച്ച് സാമ്പിളുകൾ ശേഖരിച്ച് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ റീജിയണൽ അനലറ്റിക്കൽ ലബോറട്ടറികളിൽ പരിശോധനക്കായി അയക്കുന്നു. മായം ചേർത്തതോ ഗുണനിലവാരമില്ലാത്തതോ ആയ ഭക്ഷണ വസ്തുക്കൾ ശ്രദ്ധയിൽപ്പെടുന്ന പക്ഷം ഉത്പാദക വിതരണക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | ഭക്ഷ്യപദാർത്ഥങ്ങളിൽ ചേർക്കുവാൻ അനുവദിച്ചിട്ടുള്ള നിറങ്ങൾ ഏതെല്ലാമാണ്; ചേർക്കാവുന്ന അവയുടെ അളവ് എത്ര വീതമാണെന്ന് വ്യക്തമാക്കാമോ; | (ഡി) | മായം ചേർക്കൽ നിരോധന നിയമപ്രകാരം താഴെപ്പറയുന്ന നിറങ്ങൾ അനുവദനീയമായ അളവിൽ ചേർക്കാവുന്നതാണ്.<br>1.ചുവപ്പ്(Ponceau 4R, Carmoisine, Erthrosine)<br>2. മഞ്ഞ (Tartrazine, Sunset Yellow FCF)<br>3.നീല (Indigo carmine, Brilliant Blue FCF)<br>4. പച്ച (Fast Green FCF)<br>ടി നിറങ്ങൾ ഉപയോഗത്തിനുള്ള ഭക്ഷണപദാർത്ഥത്തിന്റെ 100 ppm (parts per million)ൽ കൂടുവാൻ പാടുള്ളതല്ല. |
| (ഇ) | ഇത് സംബന്ധിച്ച് പൊതുജനങ്ങളെ ബോധവാന്മാരാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് എന്ന് വിശദമാക്കുമോ? | (ഇ) | പൊതുജനങ്ങളെ ബോധവാൻമാരാക്കുന്നതിന് വേണ്ടി മായം ചേർക്കൽ നിരോധന വിഭാഗത്തിന്റെ കീഴിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 84 — 10.09.2009—ൽ മറുപടിക്ക്

## പണി പൂർത്തിയാകാത്ത ചെറുകിട ഇടത്തരം ജല വിതരണ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. അച്ചുതൻ<br>,, ജോർജ്ജ് മേഴ്സിയർ<br>,, പി.സി. വിഷ്ണുനാഥ് | ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് എത്ര ചെറുകിട ഇടത്തരം ജല വിതരണ പദ്ധതികൾ പണി പൂർത്തി യാകാതെ കിടക്കുന്നുണ്ട്; | (എ) ജല അതോറിറ്റി ഏറ്റെടുത്ത് നടപ്പിലാക്കിവന്ന 37 ഓളം പദ്ധതികൾ എൽ .ഐ.സി യുടെ ധന സഹായം തുടരാനാകാതെ നിശ്ചയിച്ച സമയ പരിധിക്കുള്ളിൽ പൂർത്തിയാകാതെ കിടന്നിരുന്നു. എന്നാൽ ടി പദ്ധതികൾ 2008—09 ൽ നബാർഡിൻെറ ധന സഹായത്താൽ പുനരാരംഭിച്ചു.<br><br>സംസ്ഥാനത്ത് കേരള ജല അതോറിറ്റി ഏറ്റെടുത്ത് നടപ്പി ലാക്കിവരുന്നതും പണി പുരോഗ മിച്ചുവരുന്നതുമായ ചെറുകിട ഇടത്തരം ജല വിതരണ പദ്ധതികൾ താഴെ പറയുന്നവയാണ്. |

| വിഭാഗം | എണ്ണം |
|---|---|
| 1. ത്വരിത ഗ്രാമീണ ശുദ്ധ ജല വിതരണപദ്ധതി | 85 |
| 2. ടെക് നോളജി മിഷൻ | 13 |
| 3. നബാർഡ് (ലോൺ) | 36 |
| 4. നബാർഡ് (RIDF IX) | 5 |
| 5. സ്റ്റേറ്റ് പ്ലാൻ പദ്ധതികൾ | |
| (എ) നഗര ശുദ്ധ ജല വിതരണ പദ്ധതികളുടെ പൂർത്തീകരണം പ്രത്യേക പാക്കേജ് | 17 |
| (ബി) എ.ആർ.ഡബ്ള്യു.എസ്.എസ്. ൽ ഉൾപ്പെടാത്ത ഗ്രാമീണ ശുദ്ധ ജല വിതരണ പദ്ധതി | 6 |
| (സി) എ.ആർ.ഡബ്ള്യു.എസ്.എസ്. (സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെട്ടവ) | 5 |
| 6. എൽ.ഐ.സി (റൂറൽ) | 3 |
| 7. കൊച്ചി അഡ്ഹോക്ക് ഓഗമെന്റേഷൻ ശുദ്ധ ജല വിതരണ പദ്ധതിയുടെ ബാലൻസ് വർക്ക് | 1 |
| 8. എൻ.സി /പി.സി | 236 |
| 9. ടി. ആർ. പി | 57 |

(ബി) ഇവയ്ക്കു വേണ്ടി ഇതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്;

(ബി) ഇവയ്ക്കു വേണ്ടി ഇതുവരെ ചെലവഴിച്ച തുക അനുബന്ധമായി ചേർത്തിട്ടുണ്ട്.

(സി) ഇവയുടെ പണി പൂർത്തിയാകാ ത്തതിനുള്ള കാരണമെന്ത്;

(സി) നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ശുദ്ധ ജല വിതരണ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാ ക്കുന്നതിന് നേരിടുന്ന പ്രധാന തടസ്സങ്ങൾ / പ്രശ്നങ്ങൾ താഴെ പറയുന്നവയാണ്.

പദ്ധതികളുടെ ഘടകങ്ങൾക്കാ വശ്യമായ സ്ഥലം ലഭ്യമാക്കുന്ന തിനുള്ള കാലതാമസം, റെയിൽവേ ക്രോസ്സിംഗ് റോഡ് കട്ടിംഗ് (എൻ എച്ച്. പി.ഡബ്ല്യു എന്നിവ) ഇവയ്ക്ക് അനുവാദം കിട്ടുന്നതിനുള്ള കാലതാമസം എന്നിവ മിക്ക പദ്ധതികളുടേയും നടത്തിപ്പിൽ നേരിടുന്ന പ്രശ്നങ്ങളാണ്. മഴക്കാലങ്ങളിൽ റോഡ് കട്ട് ചെയ്യുന്നതിനുള്ള വിലക്ക് നിലവിലുള്ളതിനാൽ അനുവാദം കിട്ടിയാലും ആ കാലങ്ങളിൽ ജോലി തുടരാനാകുകയില്ല. കൂടാതെ പൈപ്പുകൾ സപ്ലൈ ചെയ്ത് ഇടുന്നതിന് ദർഘാസുകൾ ക്ഷണിക്കുമ്പോൾ കരാറുകാർ ഉയർന്ന നിരക്ക് ക്വോട്ട് ചെയ്യുന്നതിനാൽ ടി ദർഘാസു കളിൻമേൽ അന്തിമ തീരുമാനം എടുക്കാൻ ബുദ്ധിമുട്ട് നേരിടുകയും പലപ്പോഴും പുനർ ദർഘാസ് ക്ഷണിക്കേണ്ടവരികയും

ചെയ്യുന്നതുമൂലം പ്രവൃത്തി ആരംഭിക്കുവാൻ കാലതാമസം നേരിടുന്നുണ്ട്.
പരിചയസമ്പന്നരായ തൊഴിലാളി കളുടെ അഭാവവും മറ്റൊരു പ്രധാന ഘടകം ആണ്. ഇതിനെല്ലാം പുറമേ, പ്രാദേശി കമായി ഉണ്ടാകുന്ന തടസ്സങ്ങൾ റോഡുകൾ സഞ്ചാരയോഗ്യ മല്ലാതാകുമ്പോൾ ഉണ്ടാകുന്ന പ്രതിസന്ധികൾ ഇവ എല്ലാം ശുദ്ധ ജല വിതരണ പദ്ധതികളുടെ സമയബന്ധിതമായ പൂർത്തി കരണത്തിന് തടസ്സമാകു ന്നുണ്ട്.

| | | | |
|---|---|---|---|
| (ഡി) | ഇവയുടെ പണി പൂർത്തിയാക്കാൻ ഉദ്ദേശ്യമുണ്ടോ; എങ്കിൽ അതിനുവേണ്ടി എന്തെല്ലാം നടപടികളെടുക്കാൻ ഉദ്ദേശി ക്കുന്നുവെന്ന് വ്യക്തമാക്കുമോ? | (ഡി) | ഇവയുടെ പണി പൂർത്തിയാക്കാൻ ഉദ്ദേശമുണ്ട്. പണി പുരോഗമി ച്ചുവരുന്നു.<br><br>എൽ.ഐ.സി സഹായത്തോടെ ഏറ്റെടുത്തതും പ്രസ്തുത സഹായം നിലച്ചതിനാൽ മന്ദഗതിയി-ലായിപ്പോയ പദ്ധതികൾ, പി.എം.ജി വൈ തുടങ്ങിയ വിഭാഗങ്ങളിലുള്ള പദ്ധതികൾ എന്നിവ ഉൾപ്പെടുത്തി 36 പദ്ധതികൾ സ്ലാൻ പദ്ധതികൾ എന്ന പേരിൽ നബാർഡിന്റെ സഹായത്തോടെ ഏറ്റെടു- |

ത്തിട്ടുണ്ട്. ഇവയുടെ പണികൾ പുരോഗമിക്കുന്നു.

സ്റ്റേറ്റ് പ്ലാൻ പദ്ധതികൾ കേന്ദ്രസർക്കാർ എൽ.ഐ.സി ഹഡ്കോ തുടങ്ങിയവ ഏജൻസികളിൽ നിന്നുള്ള സഹായം പ്രതീക്ഷിച്ച് തുടങ്ങി വെച്ച് പാതിവഴിയിൽ എത്തി നിൽക്കുന്നു 17 നഗര ശുദ്ധ ജല വിതരണ പദ്ധതികൾ പൂർത്തീ കരിക്കുന്നതിന് വേണ്ടി പ്രത്യേക പാക്കേജിൽ ഉൾപ്പെടു ത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 85 | | 10.09.2009-ൽ മറുപടിയ്ക്ക് |
|---|---|---|
| അങ്കണവാടി ജീവനക്കാരുടെ ക്ഷേമത്തിനായി സ്വീകരിച്ച നടപടികൾ | | |
| ചോദ്യം | | ഉത്തരം |
| ശ്രീ. കെ.വി. കുഞ്ഞിരാമൻ<br>ശ്രീ. പി. ജയരാജൻ<br>ശ്രീമതി. ജെ. അരുന്ധതി<br>ശ്രീമതി. കെ.എസ്. സലീഖ<br>ശ്രീ. ബാബു എം. പാലിശ്ശേരി | | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |
| (എ) | അങ്കണവാടി ജീവനക്കാരുടെ ക്ഷേമത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | എ) അങ്കണവാടി ജീവനക്കാരുടെ ക്ഷേമത്തിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1) അംഗൻവാടി വർക്കർ/ഹെൽപ്പർമാർക്കുള്ള ഓണറേറിയത്തിൽ സംസ്ഥാന വിഹിതമായി 550/- രൂപ വീതം പ്രതിമാസം സംസ്ഥാന സർക്കാർ നൽകി വരുന്നു.<br>2) തദ്ദേശ ഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങളിലും മറ്റും ഏർപ്പെടുന്നതിലേയ്ക്കായി അധിക വേതനമായി വർക്കർമാർക്ക് 150/- രൂപയും ഹെൽപ്പർമാർക്ക് 75/- രൂപയും തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകി വരുന്നു.<br>3) അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും ഉള്ള ഹോണറേറിയത്തിൽ കേന്ദ്ര സർക്കാർ വരുത്തിയ യഥാക്രമം 500/- , 250/- രൂപയുടെ വർദ്ധനവ് സംസ്ഥാന സർക്കാർ അനുവദിച്ച് നൽകി.<br>4) താല്ക്കാലികമായി 15.12.2006 വരെ 6 മാസമോ അതിലധികമോ ജോലി ചെയ്തിട്ടുള്ള വർക്കർ/ഹെൽപ്പർമാരെ സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br>5) 10 വർഷത്തെ സ്ഥിര സേവനമുള്ള എസ്.എസ്.എൽ.സി പാസ്സായതും എന്നാൽ 55 വയസ്സ് തികയാത്തവരുമായ ഹെൽപ്പർമാർക്ക് കേന്ദ്ര സർക്കാർ നിർദ്ദേശമനുസരിച്ച് വർക്കർ തസ്തികയിലേക്ക് 25% സംവരണം നൽകി പ്രൊമോഷൻ നൽകുവാൻ ഉത്തരവായിട്ടുണ്ട്. |

| | | |
|---|---|---|
| | | 6) എസ്.എസ്.എൽ.സി പാസ്സാകാത്തവരും 10 വർഷത്തെ സ്ഥിരം സർവ്വീസും 55 വയസ്സും തികയാത്തവരുമായ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നുള്ളവരെയും എസ്.എസ്. എൽ.സി. പാസ്സായവരില്ലാത്ത പക്ഷം വർക്കർമാരായി നിയമിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്.<br>7) മികച്ച അംഗൻവാടി പ്രവർത്തകർക്ക് അവാർഡുകൾ നൽകുവാൻ ഉത്തരവായിട്ടുണ്ട്. ഇതു പ്രകാരം 37 അംഗൻവാടി വർക്കർമാർക്ക് 5000 രൂപയും 37 ഹെൽപ്പർമാർക്ക് 3000 രൂപയും വീതം അവാർഡ് തുകയായി നൽകുന്നു.<br>8) അംഗൻവാടി ജീവനക്കാർക്കുവേണ്ടി അംഗൻവാടി കാര്യകർത്രി ബീമാ യോജന 1.4.2004 മുതൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. ഇതിൽ അംഗമായിട്ടുള്ള സ്വാഭാവിക മരണം നേരിടുന്ന ആൾക്ക് 30,000/- രൂപയും അപകടംമൂലമുള്ള മരണമോ, സ്ഥിരവും പൂർണ്ണവുമായ അംഗവൈകല്യമോ നേരിട്ടാൽ 75,000/- രൂപയും സ്ഥിരവും ഭാഗികവുമായ അംഗവൈകല്യത്തിന് 37,500/- രൂപയും സ്ത്രീകളിലെ വിവിധ ഇനം ക്യാൻസർ ചികിത്സക്കായി 20,000/- രൂപയും നൽകുന്നു. ഇതിനു പുറമേ അംഗങ്ങളുടെ 2 കുട്ടികൾക്ക് 9 മുതൽ 12 വരെയുള്ള ക്ലാസ്സുകളിലെ പഠനത്തിന് 1 വർഷം 1200/- രൂപ വീതം സ്കോളർഷിപ്പ് തുകയും നൽകി വരുന്നു.<br>9) ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരുടെ തസ്തികയിൽ 25% ഒഴിവുകൾ അംഗൻവാടി വർക്കർമാർക്കായി നീക്കി വച്ചിട്ടുണ്ട്.<br>10) 60 വയസ്സ് പൂർത്തിയായി വിരമിക്കുന്ന അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും അംഗൻവാടി വർക്കേഴ്സ് |

| | | |
|---|---|---|
| | | ആന്റ് ഹെൽപ്പേഴ്സ് ക്ഷേമനിധിയുടെ ഭാഗമായി പെൻഷൻ പദ്ധതി ഏർപ്പെടുത്തിയിട്ടുണ്ട്. ഇതു പ്രകാരം വർക്കർക്ക് 500/- രൂപയും ഹെൽപ്പർക്ക് 300/- രൂപയുമാണ് പ്രതിമാസ പെൻഷൻ. |
| (ബി) | അങ്കണവാടി ജീവനക്കാർക്ക് ഏർപ്പെടുത്തിയ പെൻഷൻ പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ; | (ബി) 07.08.2009-ലെ സ.ഉ. (എം.എസ്) നം. 31/2009/സാക്ഷേവ പ്രകാരം ഐ.സി.ഡി.എസ്. പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തു പ്രവർത്തിക്കുന്ന അംഗൻവാടികളിൽ ജോലി ചെയ്യുന്ന വർക്കർമാരും ഹെൽപ്പർമാരും 60 വയസ്സ് പൂർത്തിയായി വിരമിക്കുമ്പോൾ അംഗൻവാടി വർക്കേഴ്സ് ആന്റ് ഹെൽപ്പേഴ്സ് ക്ഷേമനിധിയുടെ ഭാഗമായി അംഗൻവാടി വർക്കർക്ക് 500 രൂപയും ഹെൽപ്പർക്ക് 300 രൂപയും പ്രതിമാസ പെൻഷൻ താഴെപ്പറയുന്ന നിബന്ധനകളോടുകൂടി അനുവദിച്ച് ഉത്തരവായിട്ടുണ്ട്.<br><br>(1) ഈ വർഷം 30.04.2009വരെ 60 വയസ്സ് പൂർത്തിയാക്കിയവരും ഇപ്പോൾ ജോലിയിൽ തുടരുന്നവരുമായ അംഗൻവാടി വർക്കർമാരും ഹെൽപ്പർമാരും 31.08.2009 മുതൽ സർവ്വീസിൽ നിന്നും വിരമിച്ചതായി കണക്കാക്കി 01.09.2009 മുതൽ പെൻഷൻ നൽകുന്നതാണ്. |

| | | |
|---|---|---|
| | | (2) അടുത്ത വർഷം മുതൽ മുൻ വർഷം മേയ് 1-നും ആ വർഷം ഏപ്രിൽ 30-നും ഇടയ്ക്ക് 60 വയസ്സ് പൂർത്തിയാക്കിയവർക്ക് വിരമിക്കൽ തീയതി ഏകീകരിച്ച് ഏപ്രിൽ 30 ആയി നിശ്ചയിക്കുന്നു. മേയ് 1 മുതൽ പെൻഷന് അർഹതയുണ്ടായിരിക്കും<br><br>(3) ഈ പെൻഷൻ പദ്ധതി അംഗൻവാടി വർക്കർ/ഹെൽപ്പർ ആയി 10 വർഷമോ അതിൽ കൂടുതലോ ജോലി ചെയ്തവരും 60 വയസ്സ് തികയുന്ന ദിവസം സർവ്വീസിൽ ഉള്ളവർക്കും മാത്രമായി നിജപ്പെടുത്തിയിരിക്കുന്നു. കൂടാതെ ഇവർ ക്ഷേമനിധിയിൽ അംഗത്വമുള്ള-വരും ക്ഷേമനിധി വിഹിതം അടയ്ക്കുന്നതിൽ മുടക്കം ഉണ്ടാകാത്തവരുമാകണം.<br><br>(4).10 വർഷത്തിൽ കുറഞ്ഞ സർവ്വീസുള്ള അംഗൻവാടി വർക്കർ/ഹെൽപ്പർമാർ പിരിഞ്ഞു പോകുമ്പോൾ നിലവിലുള്ള ക്ഷേമനിധി ചട്ടങ്ങൾ പ്രകാരം ക്ഷേമനിധിയിൽ അവർ അടച്ച വിഹിതവും സർക്കാർ വിഹിതവും ക്ഷേമനിധി ചട്ടങ്ങളിൽ പറഞ്ഞിട്ടുള്ള പലിശയും മാത്രമേ അർഹത-യുണ്ടായിരിക്കുകയുള്ളൂ. ഈ പദ്ധതിയിൽ മിനിമം പെൻഷൻ ഉണ്ടായിരിക്കുന്നതല്ല. |

| | | |
|---|---|---|
| | | (5) പെൻഷൻ കൈപ്പറ്റി വരുന്നയാൾ മരണപ്പെടുന്ന പക്ഷം അവരുടെ അവകാശികൾക്ക് അംഗൻവാടി വർക്കർമാരുടേതാണെങ്കിൽ 15,000/- രൂപയും ഹെൽപ്പർമാരുടേതാണെങ്കിൽ 10,000/- രൂപയും ഒറ്റത്തവണ എക്സ്ഗ്രേഷ്യയായി നൽകുന്നതാണ്. ഈ പദ്ധതിയിൽ കുടുംബ പെൻഷൻ അനുവദനീയമല്ല.<br><br>(6) 60 വയസ്സ് പൂർത്തിയായി സർവ്വീസിൽ നിന്ന് വിരമിക്കുന്ന ഏതെങ്കിലും അംഗൻവാടി വർക്കർമാർക്കോ ഹെൽപ്പർമാർക്കോ സർക്കാരിൽ നിന്നോ തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്നോ മറ്റേതെങ്കിലും ക്ഷേമനിധിയിൽ നിന്നോ പെൻഷൻ ലഭിക്കുന്നുണ്ടെങ്കിൽ ഇത്തരക്കാർക്ക് ഈ പദ്ധതി പ്രകാരമുള്ള പെൻഷനോ അല്ലെങ്കിൽ മറ്റ് പെൻഷനോ ഏതെങ്കിലും ഒന്നിന് മാത്രമേ അർഹതയുണ്ടായിരിക്കുക- യുള്ളൂ. ഏതു പെൻഷൻ വേണമെന്ന് നിശ്ചയിക്കാനുള്ള സ്വാതന്ത്ര്യം പ്രവർത്തകർക്കുണ്ടായിരിക്കുന്നതാണ്.<br><br>(7) ഈ പെൻഷൻ വിതരണം ബാങ്ക് അക്കൗണ്ട് മുഖേന ആയിരിക്കും. |

| | | |
|---|---|---|
| (സി) | അങ്കണവാടി വർക്കേഴ്സിനും ഹെൽപ്പേഴ്സിനും ഇപ്പോൾ ലഭിക്കുന്ന വേതനം എത്രയാണ്; | (സി) അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും താഴെപ്പറയും പ്രകാരം പ്രതിമാസ ഓണറേറിയം നൽകി വരുന്നു.<br>അംഗൻവാടി വർക്കർ<br>1. നോൺ മെട്രിക്കുലേറ്റ് - 1988/- രൂപ<br>2. നോൺ മെട്രിക്കുലേറ്റ് (അഞ്ച് വർഷത്തിനുമേൽ സർവ്വീസുള്ളവർ) - 2019/- രൂപ<br>3. നോൺ മെട്രിക്കുലേറ്റ് (പത്ത് വർഷത്തിനുമേൽ സർവ്വീസുള്ളവർ) - 2050/- രൂപ<br>4. മെട്രിക്കുലേറ്റ് - 2050/- രൂപ<br>5. മെട്രിക്കുലേറ്റ് (അഞ്ച് വർഷത്തിനുമേൽ സർവ്വീസുള്ളവർ) - 2081/- രൂപ<br>6. മെട്രിക്കുലേറ്റ് (പത്ത് വർഷത്തിനുമേൽ സർവ്വീസുള്ളവർ) - 2113/- രൂപ<br>അംഗൻവാടി ഹെൽപ്പർ - 1300/- രൂപ |
| (ഡി) | ഈ സർക്കാർ വന്നശേഷം എത്ര അങ്കണവാടികൾ പുതുതായി ആരംഭിച്ചു; ഈ വർഷം എത്ര അങ്കണവാടികൾ പുതുതായി ആരംഭിച്ചുവെന്ന് അറിയിക്കുമോ; | (ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 6839 അംഗൻവാടികൾ ആരംഭിച്ചു. ഈ വർഷം പുതുതായി അംഗൻവാടികൾ ആരംഭിച്ചിട്ടില്ല. |
| (ഇ) | അങ്കണവാടികളുടെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) അങ്കണവാടികളുടെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സ്വന്തമായി സ്ഥലം ലഭ്യമായിട്ടുള്ള അംഗൻവാടികൾക്ക് കെട്ടിട നിർമ്മാണം നടത്തുന്നതിനായി സ്റ്റേറ്റ് പ്ലാൻ ഫണ്ട്, സുനാമി റീഹാബിലിറ്റേഷൻ പ്രോഗ്രാം, എം.ജി.പി. എന്നീ പദ്ധതികൾ പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനു പുറമേ റിസോഴ്സ് സെന്ററുകളായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള 464 അംഗൻവാടികൾക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും നൽകിയിട്ടുണ്ട്. |

– – – – – – – – – –

| | | |
|---|---|---|
| | | അംഗൻവാടികൾക്കാവശ്യമായ ഫർണിച്ചറുകളും പാത്രങ്ങളും നൽകിയിട്ടുണ്ട്.<br>തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ള സ്ഥാപനം എന്ന നിലയിൽ അംഗൻവാടി കേന്ദ്രങ്ങൾക്ക് ഭൗതിക സാഹചര്യം ഒരുക്കി നൽകേണ്ടത് ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ചുമതലയായതിനാൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുഖേനയും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 86 | 10.09.2009-ൽ മറുപടിക്ക്

## പണി പൂർത്തിയാകാത്ത ശുദ്ധജല വിതരണ പദ്ധതികൾ

ചോദ്യം

ശ്രീ. കെ.സി. ജോസഫ്
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ. എം.എ. വാഹിദ്

ഉത്തരം

ശ്രീ.എൻ.കെ.പ്രേമചന്ദ്രൻ
(ജലവിഭവ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് പണി പൂർത്തിയാകാത്ത എത്ര ശുദ്ധജല വിതരണ പദ്ധതികളുണ്ട്;

(എ) എൽ.ഐ.സി ധന സഹായം നിലച്ചതിനാൽ മുടങ്ങിപ്പോയ 37-ഓളം പദ്ധതികൾ നബാർഡ് സഹായത്തോടെ പുനരാരംഭിച്ചു. കൂടാതെ 85 ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾ, 13 ടെക്നോളജി മിഷൻ പദ്ധതികൾ, 36 സ്പാൻ പദ്ധതികൾ, 5 നബാർഡ് (ആർ.ഐ.ഡി.എഫ് IX) പദ്ധതികൾ, 5 ജെ.ബി.ഐ.സി പദ്ധതികൾ, 28 സ്റ്റേറ്റ് പ്ലാൻ പദ്ധതികൾ. 3 എൽ.ഐ.സി റൂറൽ പദ്ധതികൾ, ഒരു അഡ്ഹോക്ക് ഓഗ്മെന്റേഷൻ ബാലൻസ് പ്രവൃത്തികൾ, 3 ടി.ഇ.എ.പി- സുനാമി അടിയന്തിര സഹായ പദ്ധതികൾ, ഒരു ബാങ്കിന്റെ സഹായത്തോടെയുള്ള പദ്ധതി എന്നീ പദ്ധതികൾ വാട്ടർ അതോറിറ്റി നടപ്പിലാക്കി പണി പുരോഗമിച്ചു വരുന്നു.

മേൽപ്പറഞ്ഞവ കൂടാതെ 57 സുനാമി പുനരധിവാസ പദ്ധതികളും, 2 ജെ.എൻ.എൻ.യു.ആർ.എം പദ്ധതികളും. 2 യു.ഐ.ഡി.എസ്എസ്.എം.ടി പദ്ധതികളും, 236 എൻ.സി/പി.സി പദ്ധതികളും നിർമ്മാണത്തിലിരിക്കുന്നവയിൽ ഉൾപ്പെ-

ടുന്നു.

(ബി) ഇവയുടെ പണി പൂർത്തിയാകാത്തതിനുള്ള കാരണങ്ങൾ എന്തെല്ലാം;

(ബി) പദ്ധതികളുടെ ഘടകങ്ങൾക്ക് ആവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിനുള്ള കാലതാമസം, റെയിൽവേ ക്രോസിംഗ്, റോഡ് കട്ടിംഗ് (എൻ.എച്ച് / പി ഡബ്ള്യു.ഡി എന്നിവയുടെ) ഇവയ്ക്ക് അനുവാദം കിട്ടുന്നതിനുള്ള കാലതാമസം എന്നിവ മിക്ക പദ്ധതികളുടേയും നടത്തിപ്പിൽ നേരിടുന്ന പ്രശ്നങ്ങളാണ്. മഴക്കാലങ്ങളിൽ റോഡ് വെട്ടി മുറിക്കുന്നതിനുള്ള വിലക്ക് നിലവിലുള്ളതിനാൽ അനുവാദം കിട്ടിയാലും ആ കാലങ്ങളിൽ ജോലി തുടരാനാവുകയില്ല.

കൂടാതെ, ദർഘാസുകൾ ക്ഷണിക്കുമ്പോൾ കരാറുകാർ ഉയർന്ന നിരക്ക് ക്വോട്ടു ചെയ്യുന്നതിനാൽ, അന്തിമ തീരുമാനം എടുക്കാൻ ബുദ്ധിമുട്ട് നേരിടുകയും പലപ്പോഴും പുനർ ദർഘാസ് ക്ഷണിക്കേണ്ടി വരികയും ചെയ്യുന്നതു മൂലം പ്രവൃത്തി ആരംഭിക്കുവാൻ കാലതാമസം നേരിടുന്നുണ്ട്.

ഇതിനെല്ലാം പുറമേ, പ്രാദേശികമായി ഉണ്ടാകുന്ന തടസ്സങ്ങൾ, റോഡുകൾ സഞ്ചാരയോഗ്യമല്ലാതാകുമ്പോൾ ഉണ്ടാകുന്ന പ്രതിസന്ധികൾ ഇവയെല്ലാം ശുദ്ധജല വിതരണ പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണത്തിന് തടസ്സമാകുന്നുണ്ട്.

ജപ്പാൻ കുടിവെള്ള പദ്ധതികളുടെ സമയ ബന്ധിത നടത്തിപ്പിൽ നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നങ്ങൾ അനുബന്ധം I-ൽ ചേർക്കുന്നു.

എൽ.ഐ.സി.യുടെ ധനസഹായത്തോടെ ആരംഭിച്ച നഗര/ ഗ്രാമീണ

| | | | |
|---|---|---|---|
| | | | ശുദ്ധജല വിതരണ പദ്ധതികൾ പ്രസ്തുത ധനസഹായം നിലച്ചതിനാൽ പണി മന്ദഗതിയിലായി. |
| (സി) | ഇവയ്ക്കു വേണ്ടി ഒട്ടാകെ എത്ര തുക ഇതുവരെ ചെലവഴിച്ചു; | (സി) | ഇവയ്ക്കു വേണ്ടി ഇതുവരെ ചെലവാക്കിയ തുകയുടെ വിശദാംശങ്ങൾ അനുബന്ധം.2-ൽ ചേർക്കുന്നു. |
| **(ഡി)** | **എത്രയാളുകൾക്ക് ശുദ്ധജല വിതരണം നടത്താനാണ് ഈ പദ്ധതികൾ വഴി ഉദ്ദേശിച്ചിരുന്നത്;** | (ഡി) | **പദ്ധതികൾ മൂലം** പ്രയോജനം ലഭിക്കുന്ന ജനങ്ങളുടെ എണ്ണം അനുബന്ധം.2-ൽ ചേർക്കുന്നു. |
| (ഇ) | ഈ പദ്ധതികൾ പൂർത്തിയാകാതിരിക്കുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (ഇ) | ഈ പദ്ധതികളുടെ നടത്തിപ്പിൽ നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നങ്ങൾ ഉത്തരം (ബി) യിൽ ചേർത്തിരിക്കുന്നു. |
| (എഫ്) | ഇവ പൂർത്തിയാക്കാൻ ഉദ്ദേശമുണ്ടോ; എങ്കിൽ നിർത്തി വച്ചിരിക്കുന്ന പണി എന്നത്തേയ്ക്ക് പുനരാരംഭിക്കുമെന്നു വെളിപ്പെടുത്താമോ ? | (എഫ്) | പദ്ധതികളുടെ പണികൾ പൂർത്തിയാക്കാൻ ലക്ഷ്യമിട്ട് പണി പുരോഗമിച്ചു വരുന്നു. പദ്ധതികളുടെ പണി നിർത്തിവെച്ചിട്ടില്ല.<br>എൽ.ഐ.സി.യുടെ ധനസഹായത്തോടെ ഏറ്റെടുത്തതും പ്രസ്തുത സഹായം നിലച്ചതിനാൽ മന്ദഗതിയിലായതുമായ പദ്ധതികൾ, പി.എം.ജി.വൈ തുടങ്ങിയ വിഭാഗങ്ങളിലുള്ള പദ്ധതികൾ എന്നിവ ഉൾപ്പെടുത്തി 36 പദ്ധതികൾ 'സ്പാൻ' എന്ന പേരിൽ നബാർഡിന്റെ സഹായത്തോടെ ഏറ്റെടുത്തിട്ടുണ്ട്. ഇവയുടെ പണികൾ പുരോഗമിക്കുന്നു.<br>ലോകബാങ്ക്/ എഡിബി സഹായത്തോടെ ആരംഭിച്ച 3 സുനാമി പുനരധിവാസ പദ്ധതികളുടെ പണികൾ പൂർത്തീകരണത്തിന്റെ അന്തിമഘട്ടത്തിലാണ്.<br>സ്റ്റേറ്റ് പ്ലാൻ പദ്ധതികളിൽ കേന്ദ്ര സർക്കാർ. എൽ.ഐ.സി, ഹഡ്കോ |

തുടങ്ങിയ ഏജൻസികളിൽ നിന്നുള്ള സഹായം പ്രതീക്ഷിച്ച് തുടങ്ങി വെച്ച് പാതിവഴിയിൽ എത്തി നിൽക്കുന്ന 17 നഗര ശുദ്ധജല വിതരണ പദ്ധതികൾ പൂർത്തീകരിക്കുന്നതിനു വേണ്ടി പ്രത്യേക പാക്കേജിൽ ഉൾപ്പെടുത്തി പൂർത്തിയാക്കു-ന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ

<u>പന്ത്രണ്ടാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ T*87</u> — <u>10-09-2009-ൽ മറുപടിക്ക്</u>

<u>പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സ്വയംഭരണാധികാരം</u>

<u>ചോദ്യം</u>

ശ്രീ. അടൂർ പ്രകാശ് :
,, കെ.ശിവദാസൻ നായർ:

(എ) സംസ്ഥാനത്തുള്ള എത്ര പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സ്വയംഭരണാധികാരം കൊടുത്തിട്ടുണ്ട്;

(ബി) ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങൾക്കാണ് സ്വയംഭരണാധികാരം കൊടുത്തിട്ടുള്ളത്;

(സി) സ്വയംഭരണാധികാരം കൊടുക്കപ്പെട്ടശേഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രകടനം വിലയിരുത്തിയിട്ടുണ്ടോ;

(ഡി) കൂടുതൽ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സ്വയംഭരണാധികാരം കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

<u>ഉത്തരം</u>

ശ്രീ. എളമരം കരീം
(വ്യവസായ വകുപ്പ് മന്ത്രി)

(എ),(ബി),(സി) & (ഡി)

വ്യവസായ വകുപ്പിനു കീഴിൽ ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സ്വയംഭരണാധികാരം നൽകുന്നതു സംബന്ധിച്ച വിഷയങ്ങൾ പരിശോധിക്കുന്നതിനായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. വ്യവസായവകുപ്പിന്റെ കീഴിലുള്ള ഏതൊക്കെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സ്വയംഭരണാവകാശം നൽകണമെന്നതിനെക്കുറിച്ച് കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചാൽ മാത്രമേ തീരുമാനമെടുക്കുവാൻ കഴിയുകയുള്ളൂ.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 88

10.09.2009-ൽ
മറുപടിയ്ക്ക്

**ആയുർവ്വേദ ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.പി.കൃഷ്ണപ്രസാദ്<br>ശ്രീ.കെ.കുഞ്ഞിരാമൻ<br>ശ്രീ.എം.ജെ.ജേക്കബ്ബ്<br>ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്<br>ശ്രീമതി. കെ.കെ. ലതിക | ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| എ) ആയുർവ്വേദ ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | എ) ആയുർവ്വേദ ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാ ജില്ലാ ആയുർവ്വേദ ആശുപത്രികളിലും താലൂക്കാശുപത്രികളിലും ലബോറട്ടറി സംവിധാനം ഏർപ്പെടുത്തുകയും ആറ് ജില്ലാ ആശുപത്രികളിൽ എക്സ്റേ സംവിധാനം ഏർപ്പെടുത്തുകയും ചെയ്തു. കൊല്ലം, കാസർഗോഡ്, വയനാട് എന്നീ ജില്ലാ ആയുർവ്വേദ ആശുപത്രികളിൽ പഞ്ചകർമ്മാ യൂണിറ്റിന്റെയും കോഴിക്കോട്, തിരുവനന്തപുരം , ഇടുക്കി എന്നീ ജില്ലാ ആയുർവ്വേദ ആശുപത്രികളിൽ ക്ഷാരസൂത്ര യൂണിറ്റിന്റെയും വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കി. ഐ.പി. വിഭാഗത്തിലെ രോഗികൾക്ക് ഭക്ഷണപദാർത്ഥങ്ങൾ നൽകി വരുന്നുണ്ട്. സാംക്രമിക രോഗങ്ങൾ തടയുന്നതിന് മെഡിക്കൽ ക്യാമ്പുകളും ബോധവൽക്കരണ ക്ലാസ്സുകളും സംഘടിപ്പിച്ചുവരുന്നു. |
| ബി) ആയുർവ്വേദ കോളേജുകളിലെ പഠന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | ബി) വിദ്യാർത്ഥികളുടെ പഠന സൗകര്യങ്ങൾക്കു വേണ്ട ഫർണിച്ചറുകൾ, ലാബ് ഉപകരണങ്ങൾ, ലൈബ്രറി പുസ്തകങ്ങൾ തുടങ്ങിയവ വാങ്ങിക്കുകയും പഠനാവശ്യങ്ങൾക്കു വേണ്ട മെച്ചപ്പെട്ട സൗകര്യങ്ങൾ ഒരുക്കുകയും ചെയ്തിട്ടുണ്ട്. സെൻട്രൽ കൗൺസിൽ ഓഫ് ഇൻഡ്യൻ മെഡിസിൻ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ പരിശോധിച്ച് നൽകുന്ന റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ ധനലഭ്യതയ്ക്കനുസരിച്ച് അംഗീകരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. |

| | |
|---|---|
| സി) ആയുർവ്വേദ ജില്ലാ ആശുപത്രികൾ നവീകരിക്കുന്നതിനും ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ; | സി) ജില്ലാ ആയുർവ്വേദ ആശുപത്രികൾ നവീകരിക്കുന്നതിന്റെ ഭാഗമായി 14 ജില്ലാ ആയുർവ്വേദ ആശുപത്രികളിലും ലബോറട്ടറി സംവിധാനവും ആറ് ജില്ലാ ആയുർവ്വേദ ആശുപത്രികളിൽ എക്സ്റേ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. കൊല്ലം, കാസർഗോഡ്, വയനാട് ജില്ലാ ആയുർവ്വേദ ആശുപത്രികളിൽ പഞ്ചകർമ്മ യൂണിറ്റിന്റെയും കോഴിക്കോട്, തിരുവനന്തപുരം , ഇടുക്കി എന്നീ ജില്ലാ ആയുർവ്വേദ ആശുപത്രികളിൽ ക്ഷാരസൂത്ര യൂണിറ്റിന്റെയും വിപുലീകരണം നടപ്പിലാക്കി. കോട്ടയം ജില്ലാ ആശുപത്രിയുടെ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കുന്നതിനും ആലപ്പുഴ പഞ്ചകർമ്മ ആശുപത്രി സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തുന്നതിനുമുള്ള പ്രൊപ്പോസൽ ആയുഷ് വകുപ്പിന്റെ പരിഗണനയിലാണ്. |
| ഡി) ഈ സർക്കാർ വന്നശേഷം എത്ര ആയുർവ്വേദ ഡിസ്പെൻസറികളും ആശുപത്രികളും ആരംഭിച്ചുവെന്ന് വെളിപ്പെടുത്തുമോ; | ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നാഷണൽ റൂറൽ ഹെൽത്ത് മിഷൻ (എൻ.ആർ.എച്ച്.എം) മുഖാന്തിരം 100 താൽക്കാലിക ആയുർവ്വേദ ഡിസ്പെൻസറികളും ഒരു യുനാനി ഡിസ്പെൻസറിയും അനുവദിച്ചതിൽ 80 ആയുർവ്വേദ ഡിസ്പെൻസറികളും ഒരു യുനാനി ഡിസ്പെൻസറിയും തുറന്ന് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. |
| ഇ) ആയുർവ്വേദ മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ? | ഇ) ആയുർവ്വേദ മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ ഒരു ആയുർവ്വേദ ഡ്രഗ്സ് കൺട്രോളറും (എ.എസ്.യു ഡ്രഗ്സ് കൺട്രോളർ) അനുബന്ധ ഉദ്യോഗസ്ഥരും പ്രവർത്തിക്കുന്നു. പൊതുമേഖലാ സ്ഥാപനമായ ഔഷധിയിൽ മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കാൻ സാങ്കേതിക വിദഗ്ദ്ധർ പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരം ആയുർവ്വേദ കോളേജിൽ ഇതേ ആവശ്യത്തിനായി ഒരു ഡ്രഗ്സ് ടെസ്റ്റിംഗ് ലാബറട്ടറിയും പ്രവർത്തിച്ചുവരുന്നു. |

R. Ham

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 89 — 10.09.2009 -ൽ മറുപടിക്ക്

## പകർച്ചപ്പനികൾ തടയുന്നതിന് സ്വീകരിച്ച നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.കെ.ജയചന്ദ്രൻ:<br>" പി.വിശ്വൻ:<br>" ജോർജ്ജ് എം. തോമസ്:<br>" പ്രൊഫ.സി.രവീന്ദ്രനാഥ്: | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വ്യാപകമായ പകർച്ചപ്പനികൾ തടയുന്നതിന് ആരോഗ്യവകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) പകർച്ചപ്പനി തടയുന്നതിന് സംസ്ഥാന ആരോഗ്യ വകുപ്പ് യുദ്ധകാലാടിസ്ഥാനത്തിൽ രോഗ പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കി. ചിക്കുൻഗുനിയ, ഡെങ്കിപ്പനി, എലിപ്പനി, മലമ്പനി, പകർച്ചപ്പനി എന്നിവ സംസ്ഥാനത്ത് വിവിധ ജില്ലകളിൽ കണ്ടതിനെ തുടർന്ന് രോഗ പ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കിയിട്ടുണ്ട്. ചിക്കുൻഗുനിയയും ഡെങ്കിപ്പനിയും പ്രതിരോധിക്കുന്നതിന്റെ ഭാഗമായി ഇവ പരത്തുന്ന 'ഈഡിസ്' കൊതുകുകളുടെ ഉറവിടം കണ്ടെത്തി നശിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ശക്തമാക്കുകയും ഇതിനായി ആരോഗ്യ വകുപ്പ് ജീവനക്കാരുടെ നേതൃത്വത്തിൽ ആശ, കുടുംബശ്രീ, മറ്റ് സന്നദ്ധ സംഘടനകൾ എന്നിവരുടെ സേവനം ഉപയോഗപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. മലമ്പനി തടയുന്നതിന്റെ ഭാഗമായി മലമ്പനി കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ട തിരുവനന്തപുരം, കാസർകോട് ജില്ലകളിൽ മലമ്പനി പരത്തുന്ന 'അനോഫിലസ്' കൊതുകുകളുടെ കൂത്താടികൾ കാണപ്പെട്ട കിണറുകളിൽ 'അബേറ്റ്' നിശ്ചിത അളവിൽ ഉപയോഗിക്കുകയും കിണറുകളിൽ കൂത്താടിഭോജി മത്സ്യങ്ങളെ നിക്ഷേപിക്കുകയും അനോ |

| | |
|---|---|
| | ഫിലസ് കൊതുകുകളുടെ സാന്ദ്രത പെട്ടെന്ന് കുറയ്ക്കുന്നതിന് 'പൈറത്രം' ഉപയോഗിച്ചുകൊണ്ടുള്ള തെർമൽ ഫോഗിംഗ് ശക്തമാക്കിയിട്ടുമുണ്ട്. എലിപ്പനി തടയുന്നതിന് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുകയും ആരോഗ്യ സുരക്ഷാപദ്ധതിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്ക് പ്രത്യേക മുൻകരുതൽ നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ചിക്കുൻ ഗുനിയ, ഡെങ്കിപ്പനി, മലമ്പനി എന്നിവ ബാധിച്ച ജില്ലകളിൽ സംസ്ഥാന ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് എന്റമോളജി വിഭാഗം സന്ദർശനം നടത്തുകയും ഇത്തരം രോഗങ്ങൾ പരത്തുന്ന പ്രത്യേകതരം കൊതുകുകളുടെ സാന്ദ്രത നിർണ്ണയിക്കുകയും ഇതിന്റെ സാന്ദ്രത കുറയ്ക്കുന്നതിന് സ്വീകരിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ അതാത് ജില്ലകൾക്ക് നൽകുകയും ചെയ്തിട്ടുണ്ട്. രോഗബാധിത ജില്ലകളിൽ ബോധവല്ക്കരണ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിന്റെ ഭാഗമായി ആരോഗ്യ ബോധവൽക്കരണ ക്ലാസ്സുകൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിക്കുകയും സ്കൂൾ അസംബ്ലികളിൽ ആരോഗ്യ പ്രവർത്തകർ പങ്കെടുത്ത് ബോധവൽക്കരണം നടത്തുകയും ചെയ്തു. കൂടാതെ എൻ.സി.സി. കേഡറ്റുകളെ ഉപയോഗിച്ച് ബോധവൽക്കരണ റാലികൾ നടത്തി. പോസ്റ്ററുകൾ, ബാനറുകൾ, നോട്ടീസുകൾ എന്നിവ പൊതുജനങ്ങളുടെ ബോധവൽക്കരണത്തിന് വേണ്ടി ബന്ധപ്പെട്ട ജില്ലകളിൽ |

| | |
|---|---|
| | വിതരണം ചെയ്തു.<br>രോഗബാധിതർക്ക് ആവശ്യമായ എല്ലാ മരുന്നുകളും ബന്ധപ്പെട്ട ജില്ലകളിൽ ലഭ്യമാക്കുകയും കൊതുകുവലകൾ, 24 മണിക്കൂറും പ്രവർത്തിക്കുന്ന പ്രത്യേക ഫീവർ ക്ലിനിക്കുകൾ, മെഡിക്കൽ ക്യാമ്പു കൾ എന്നിവ സംഘടിപ്പിക്കുകയും ചെയ്തി ട്ടുണ്ട്. ഡോക്ടേഴ്സ്, പാരാമെഡിക്കൽ സ്റ്റാഫുകൾ എന്നിവരുടെ കുറവ് ഉണ്ടായി രുന്ന ജില്ലകളിൽ അവ പരിഹരിക്കുന്ന തിനുള്ള നടപടികൾ സ്വീകരിച്ചു. 14 ജില്ല കളിലേയും ഡെപ്യൂട്ടി ഡി.എം.ഒ., ജില്ലാ മലേറിയ ഓഫീസർ, ടെക്നിക്കൽ അസിസ്റ്റന്റ്, ബയോളജിസ്റ്റ് എന്നിവരെ ഉൾപ്പെടുത്തി സംസ്ഥാന തലത്തിൽ ഒരു പരിശീലന പരിപാടി സംഘടിപ്പിക്കുകയും രോഗപ്രതിരോധത്തിനും രോഗികളുടെ ചികിത്സക്കും ആവശ്യമായ എല്ലാ സജ്ജീ കരണങ്ങളും ഏർപ്പെടുത്താൻ നിർദ്ദേശം നൽകുകയും ചെയ്തു. പ്രതിരോധ പ്രവർ ത്തനങ്ങൾക്കായി ജില്ലകൾക്ക് എൻ.വി.ബി. ഡി.സി.പി. ഫണ്ടിൽ നിന്നും 13 ലക്ഷം രൂപയും സംസ്ഥാന ഫണ്ടിൽ നിന്നും 37 ലക്ഷം രൂപയും നൽകുകയുണ്ടായി. |
| (ബി) കഴിഞ്ഞ 3 മാസക്കാലയളവിൽ എത്ര പേർക്ക് ചിക്കുൻഗുനിയ, ഡെങ്കിപ്പനി, എലിപ്പനി, മലമ്പനി എന്നിവ ബാധിച്ചു എന്ന് വെളിപ്പെടുത്തുമോ; | (ബി) കഴിഞ്ഞ 3 മാസക്കാലയളവിൽ (ആഗസ്റ്റ് 31) വരെ 534 പേർക്ക് ചിക്കുൻ ഗുനിയയും 576 പേർക്ക് ഡെങ്കിപ്പനിയും 460 പേർക്ക് എലിപ്പനിയും 697 പേർക്ക് മലമ്പനിയും ബാധിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. |
| (സി) സംസ്ഥാനത്ത് പകർച്ചപ്പനി ആവർ ത്തിച്ച് ഉണ്ടാകുന്ന സാഹചര്യത്തിൽ ഇതു സംബന്ധമായി എന്തെങ്കിലും ശാസ്ത്രീയ പഠനം സർക്കാർ നടത്തിയിട്ടുണ്ടോ; | (സി) സംസ്ഥാനതലത്തിലെ വിദഗ്ദ്ധ സംഘവും കേന്ദ്ര ഗവൺമെന്റിന്റെ വിദഗ്ദ്ധ സംഘവും പഠനങ്ങൾ നടത്തുകയും പകർച്ചപ്പനി എന്താണെന്നും പകരുന്നതെ |

| | |
|---|---|
| | ങ്ങിനെയാണെന്നും പരത്തുന്ന കൊതുകുകളുടെ പ്രത്യേകതകൾ എന്തൊക്കെയാണെന്നും മനസ്സിലാക്കുകയുണ്ടായി. ചിക്കുൻ ഗുനിയയുടെ ചികിത്സാരീതിയെക്കുറിച്ച് സ്റ്റേറ്റ് ഡിസീസ് കൺട്രോൾ ആന്റ് മോണിറ്ററിംഗ് സെല്ലിലും പഠനം നടത്തുകയുണ്ടായി. |
| (ഡി) ഇല്ലെങ്കിൽ അതിനായി നടപടി സ്വീകരിക്കുമോ; | (ഡി) ഉദിക്കുന്നില്ല. |
| (ഇ) പകർച്ചപ്പനിക്കെതിരെ ഊർജ്ജിതമായ പ്രതിരോധ പ്രവർത്തനങ്ങൾ നടത്താൻ നടപടി സ്വീകരിക്കുമോ? | (ഇ) പകർച്ചപ്പനിക്കെതിരെ ശക്തമായ പ്രതിരോധ പ്രവർത്തനങ്ങളാണ് സംസ്ഥാന ആരോഗ്യ വകുപ്പ് സ്വീകരിച്ചുവരുന്നത്. |

K.S. Sudha
സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 90

10-09-09 ൽ മറുപടിയ്ക്ക്

# തിരുവനന്തപുരം സ്പിന്നിംഗ് മിൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി ജെ. അരുന്ധതി<br>ശ്രീ.വി.ജെ തങ്കപ്പൻ<br>ശ്രീ.ആർ.സെൽവരാജ്<br>ശ്രീ.ആനത്തലവട്ടം ആനന്ദൻ<br>ശ്രീ.വി.ശിവൻകുട്ടി | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പു മന്ത്രി) |
| എ) തിരുവനന്തപുരം സ്പിന്നിംഗ് മില്ലിന്റെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കുമോ; | (എ) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശ പ്രകാരം, പൂട്ടികിടന്നിരുന്ന മില്ല് ഏറ്റെടുത്തു നടത്തുവാൻ കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽസ് കോർപ്പറേഷനെ ഏൽപ്പിക്കുകയുണ്ടായി. 2009 ആഗസ്റ്റ് 31-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മില്ലിന്റെ പുനഃപ്രവർത്തനത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. മില്ല് ഇപ്പോൾ സാധാരണ നിലയിൽ പ്രവർത്തിക്കുന്നുണ്ട്. |
| ബി) മില്ലിന്റെ പുനരുദ്ധാരണത്തിനായി സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) പൂട്ടി കിടന്നിരുന്ന മില്ല് ഏറ്റെടുത്ത് നടത്തുവാൻ കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽസ് കോർപ്പറേഷനെ ഏൽപ്പിക്കുകയുണ്ടായി. ഒരു ഓപ്പൺ എന്റ് പ്രോജക്ടായി മില്ലിന്റെ പുനരുദ്ധാരണ പ്രോജക്ട് റിപ്പോർട്ട് സർക്കാർ അംഗീകരിച്ചു. മില്ലിനു വേണ്ടി ജർമ്മനി, ചെക്ക് റിപ്പബ്ലിക്, ചൈന എന്നീ രാജ്യങ്ങളിൽ നിന്നുള്ള മെഷീനറികൾ ഇറക്കുമതി ചെയ്ത് സ്ഥാപിക്കുകയുണ്ടായി. പുനരുദ്ധാരണ പ്രോജക്ട് കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽസ് കോർപ്പറേഷൻ നടപ്പിലാക്കി കഴിഞ്ഞു. 2009 ആഗസ്റ്റ് 31 മുതൽ മില്ല് പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. |
| സി) മില്ലിന്റെ രണ്ടാംഘട്ട വികസനവുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നത്; | (സി) രണ്ടാം ഘട്ടം പ്ലാനിംഗ് സ്റ്റേജിലാണ്. |

| | | | |
|---|---|---|---|
| ഡി) | മില്ലിന്റെ പുനരുദ്ധാരണത്തിനായി സർക്കാർ എത്ര കോടി രൂപ അനുവദിച്ചു എന്ന് വെളിപ്പെടുത്തുമോ; | (ഡി) | സർക്കാർ മൂലധനമായി 326.64 ലക്ഷം രൂപയും വായ്പയായി 143 ലക്ഷം രൂപയും നൽകുകയുണ്ടായി. 124.01 ലക്ഷം രൂപ പഴയ മെഷിനറികൾ വിറ്റു കിട്ടിയ വകയിൽ പദ്ധതിയ്ക്കായി സ്വരൂപിച്ചു. |
| ഇ) | മിൽ എന്നു പ്രവർത്തനമാരംഭിക്കും എന്ന് അറിയിക്കുമോ; | (ഇ) | 2009 ആഗസ്റ്റ് 31- ന് ബഹു.മുഖ്യമന്ത്രി മില്ലിന്റെ പുനഃ പ്രവർത്തന ഉദ്ഘാടനം നിർവ്വഹിച്ച് മിൽ പ്രവർത്തനം ആരംഭിച്ചു. |

സെക്ഷൻ ഓഫീസർ.